കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമ്പൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/2385/2017
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി.24.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ / സെക്രട്ടറി മുഖേന

നിലമ്പൂർ നഗരസഭ

സർ,

വിഷയം : നിലമ്പൂർ നഗരസഭ - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3) റീജിയണൽ ഡയറക്ടർ, നഗരകാര്യ വിഭാഗം, കോഴിക്കോട്. (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.21/2385/2017
തിയ്യതി:-24.11.2017

<u>മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-09-2016 മുതൽ 19-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ.ഷാജി ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-10-2017 മുതൽ 31-10-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സതീഷ് മാവേലി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. സി.പി.അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ടി.കെ.നസീർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

ചെയർമാൻ / ചെയർപേഴ്സൺ

| | |
|---|---|
| ശ്രീമതി. പത്മിനി ഗോപിനാഥ് | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പ്രമോദ്.കെ | 01.04.2015 മുതൽ 05.09.2016 വരെ |
| ശ്രീ. ജയകുമാർ .എസ് ( ഇൻചാർജ് ) | 06.09.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രമോദ്.കെ | 01.04.2016 മുതൽ 05.09.2016 വരെ |
| | ശ്രീ.ജയകുമാർ.എസ് (ഇൻചാർജ് ) | 06.09.2016 മുതൽ 31.03.2017 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ശ്രീമതി.എ.സുഭദ്ര | 01.04.2016 മുതൽ 30.04.2016 വരെ |
| | ഒഴിവ് | 01.05.2016 മുതൽ 30.06.2016 വരെ |
| | ശ്രീ.പി.പി.മുഹമ്മദലി അഷ്റഫ് | 01.07.2016 മുതൽ 27.09.2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | ശ്രീ.മുകുന്ദൻ | 28.09.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. വി.ഷക്കീല | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രതാപ്.പി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുബൈദ.പി | 01.04.2016 മുതൽ 07.07.2016 വരെ |
| | ശ്രീമതി.ഷഹനാസ് ബീഗം.ടി | 08.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. എസ്.ബീന | 01.04.2016 മുതൽ 31.07.2016 വരെ<br>01.12.2016 മുതൽ 09.12.2016 വരെ<br>17.12.2016 മുതൽ 15.01.2017 വരെ |
| | ഡോ.ഗീത | 01.08.2016 മുതൽ 30.11.2016 വരെ<br>10.12.2016 മുതൽ 16.12.2016 വരെ |
| | ഡോ.ജോമോൻ | 16.01.2017 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കൃഷ്ണദാസൻ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| സൂപ്രണ്ട് , ജില്ലാ ആശുപത്രി,നിലമ്പൂർ | ഡോ.സീമാമു.പി | 01.04.2016 മുതൽ 26.01.2017 വരെ |
| | ഡോ.ടി.ഹമീദ് | 27.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പി.സതീഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ജെ.എച്ച്.ഐ,ഗ്രേഡ് II ,പി.ഒ, യു.പി.എ സെൽ | ശ്രീ.കൃഷ്ണകുമാർ.കെ.പി | 01.04.2016മുതൽ31.03.2017വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജു | 01.04.2016 മുതൽ 31.03.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അജീഷ് പ്രഭ | 01.04.2016 മുതൽ 21.05.2016 വരെ<br>(22.05.2016 മുതൽ 31.05.2016 വരെ ഒഴിവ്) |
| | ശ്രീമതി.സുലത | 01.06.2016 മുതൽ 19.07.2016 വരെ<br>(20.07.2016 മുതൽ 25.07.2016 വരെ ഒഴിവ്) |
| | ശ്രീ.രാജീവ്.പി | 25.07.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 2-1 |
| 13 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-2 |
| 14 | ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നേടാതെ പെർമിറ്റ് അനുവദിച്ചു. | 2-3 |
| 15 | സൗരോർജ്ജ സഹായത്താൽ വാട്ടർ ഹീറ്റിംഗ് സംവിധാനവും സൗരോർജ്ജ സഹായത്താൽ ലൈറ്റിംഗ് സംവിധാനവും ഉറപ്പ് വരുത്താതെ പെർമിറ്റ് അനുവദിച്ചു. | 2-4 |
| 16 | ഓ-ഹോളിനൈറ്റ് സംഗീതപരിപാടി - വിനോദനികുതി ഈടാക്കിയതിലെ അപാകതകൾ. | 2-5 |
| 17 | വസ്തുനികുതി നിർണ്ണയം - വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല. | 2-6 |
| 18 | തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്താതെ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കി. | 2-7 |
| 19 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത - നഗരസഭക്ക് 4,456/- രൂപ നഷ്ടം. | 2-8 |
| 20 | വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ. | 2-9 |
| 21 | അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡ് - വസ്തുനികുതിയിൽ വിത്യസ്ത നിരക്കിൽ വർദ്ധനവ്. | 2-10 |
| 22 | വരവ് തുക യഥാസമയം അക്കൗണ്ടിൽ അടവാക്കുന്നില്ല. | 2-11 |
| 23 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ. | 2-12 |
| 24 | പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ | 2-13 |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ത്വരിതപ്പെടുത്തേണ്ടതാണ്. | |
| 25 | ചെട്ടിയങ്ങാടി പഴയ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് നൽകിയില്ല - നഗരസഭക്ക് വരുമാന നഷ്ടം. | 2-14 |
| 26 | ചന്തക്കുന്ന് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ - അറ്റകുറ്റപ്പണി യഥാസമയം നടത്തിയില്ല. | 2-15 |
| 27 | വരവ് തുക അടവാക്കിയതിൽ 2055 രൂപയുടെ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി. | 2-16 |
| 28 | തൊഴിൽ നികുതി - വിവിധ അപാകതകൾ. | 2-17 |
| 29 | പരസ്യ നികുതി ഈടാക്കിയതിലെ അപാകതകൾ. | 2-18 |
| 30 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല – നഗരസഭക്ക് 35000 /- രൂപ നഷ്ടം. | 2-19 |
| 31 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല. | 2-20 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 32 | ഡപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം. | 3-1 |
| 33 | ഓണം അഡ്വാൻസ് ക്രമീകരിച്ചില്ല. | 3-2 |
| 34 | മുനിസിപ്പൽ പെൻഷൻ ഫണ്ട് കണക്കിലെ അപാകത. | 3-3 |
| 35 | തെരുവു നായ നിയന്ത്രണ പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 3-4 |
| 36 | ആയുർവ്വേദ ആശുപത്രി: പദ്ധതി നിർവഹണം- അപാകതകൾ | 3-5 |
| 37 | കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ. | 3-6 |
| 38 | വെറ്ററിനറി മരുന്നു വാങ്ങൽ- അപാകതകൾ. | 3-7 |
| 39 | പാൽ സംരംഭവും സബ്സിഡിയും- അപാകതകൾ. | 3-8 |
| 40 | പരിരക്ഷാ പദ്ധതി :നിർവഹണത്തിലെ അപാകതകൾ | 3-9 |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 41 | പട്ടിക വർഗ പദ്ധതി :നിർവഹണത്തിലെ അപാകതകൾ | 3-10 |
| 42 | പൊതുമരാമത്ത് പ്രവർത്തികൾ -അപാകതകൾ | 3-11 |
| 43 | ആശ്രയ പദ്ധതി -വീട്നിർമ്മാണം തുക ചെലവഴിക്കാത്തത് സംബന്ധിച്ച് | 3-12 |
| 44 | പി.എം.എ.വൈ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച് | 3-13 |
| 45 | വീട് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-14 |
| 46 | കമ്പ്യൂട്ടർ സർവ്വർ വാങ്ങൽ -അപാകതകൾ | 3-15 |
| 47 | റിലയൻസ് കമ്പനിക്ക് O.F.C കേബിൾ സ്ഥാപിക്കൽ അനുമതി നൽകൽ -നഗരസഭയ്ക്ക് നഷ്ടമുണ്ടായി | 3-16 |
| 48 | തനത് ഫണ്ട് പ്രോജക്ടുകൾ -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-17 |
| 49 | ഡ്രൈനേജ് നിർമ്മാണം അധികനിരക്ക് അനുവദിച്ചു | 3-18 |
| 50 | കെട്ടിട റൂഫിങ്-പ്രൊഫൈൽ ഷീറ്റ് -അധിക നിരക്ക് അനുവദിച്ചു | 3-19 |
| 51 | ട്രസ്സ് വർക്ക് -അധികനിരക്ക് അനുവദിച്ചു | 3-20 |
| 52 | വാറ്റ് ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് നഷ്ടം | 3-21 |
| 53 | ഡിപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 3-22 |
| 54 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ്-അപാകതകൾ | 3-23 |
| 55 | ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-24 |
| 56 | എസ്.സി.പെൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-25 |
| 57 | പഠനവീട് (എസ്.സി )-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-26 |
| 58 | പഠനവീട് (എസ്.ടി )മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-27 |
| 59 | ആർ.സി.സി അധികനിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല | 3-28 |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 60 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 61 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 62 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 63 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 64 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 65 | ഓഡിറ്റ് റിക്കവറി | 4-6 |
| 66 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 67 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 68 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 69 | AUDIT CERTIFICATE | Annexure 1 |
| 70 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 27.02.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലോക്കൽ ഫണ്ട് ആക്ട് പ്രകാരം ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി- | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 31-07-2017 | - | - |
| കേരള നഗരപാലിക നിയമ പ്രകാരം സാമ്പത്തിക വർഷം കഴിഞ്ഞ് 45 ദിവസത്തിനകം (മെയ് 15) വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടിയിരുന്നു വെങ്കിലും അപ്രാകാരം സമർപ്പിക്കുകയുണ്ടായില്ല. - | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 24-10-2017 മുതൽ 25-10-2017 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. |

വാർഷിക കണക്കിലെ അപാകതകൾ.

2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).വസ്തുനികുതി തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം Beneficiary Contribution എന്ന ശീർഷകത്തിൽ 12,48,865/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനാവുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

3).പെർമനന്റ് അഡ്വാൻസ് / ഇമ്പ്രസ്റ്റ് തുക 1000/- രൂപയാണ് അനുവദിച്ചിട്ടുള്ളതെങ്കിലും വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ Standing Advance എന്ന ശീർഷകത്തിൽ 10,154/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4).ബാലൻസ് ഷീറ്റിൽ (Schedule B-5) ഇ.എം.എസ് ഭവനപദ്ധതി വായ്പാ തുക (-) ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5). ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുകയുടെ (B-7 Schedule) കൃത്യത പരിശോധിക്കാനായിട്ടില്ല.

6). അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തി വിവരങ്ങളുടെ (B-11 Schedule) കൃത്യത പരിശോധിക്കാനായിട്ടില്ല.

7). ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ Stock in Hand എന്ന ശീർഷകത്തിൽ 27,59,722/- രൂപയുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വർഷാന്ത്യ സ്റ്റോക്ക് വിവരങ്ങൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8).നഗരസഭക്ക് പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9). പെർമിറ്റ് ഫീസ്, ക്രമവത്കരണ ഫീസ്, വിനോദ നികുതി, തൊഴിൽ നികുതി, വാടക, ബസ് സ്റ്റാൻഡ് & കംഫർട്ട് സ്റ്റേഷൻ, പരസ്യനികുതി എന്നീ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10). നഗരസഭ നൽകിയതും കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതുമായ ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിൽ രശീത് ചെയ്യുകയോ, 3 വർഷം കഴിഞ്ഞവ വരവായി രശീത് ചെയ്യുകയോ ചെയ്തിട്ടില്ല.

അപാകത പരിഹരിച്ച് വിശദീകരണം ഉടൻ നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19837122.00 |
| വരവ് | 147848298.00 |
| ആകെ | 167685420.00 |

| | |
|---|---|
| ചെലവ് | 127948728.00 |
| നീക്കിയിരുപ്പ് | 39736692.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യി രിപ്പ് (ലാപ്സ്) | ചെലവ് ശതമാ നം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31236966 | 31236966 | 23535194 | 7701772 | 75.34 % |
| വികസനഫണ്ട് എസ്.സി.പി. | 0 | 10008336 | 10008336 | 3217673 | 6790663 | 32.14 % |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2177262 | 2177262 | 507230 | 1670032 | 23.29 % |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 12498474 | 12498474 | 2954518 | 9543956 | 23.63 % |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 7634532 | 7634532 | 2586884 | 5047648 | 33.88 % |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 40626166 | 40626166 | 35716400 | 4909766 | 87.91 % |
| പെർഫോമൻസ് ഗ്രാന്റ് | 0 | 6639325 | 6639325 | 632700 | 6006625 | 9.5 % |
| എ.യു.ഇ.ജി.എസ്. | 4197909 | 141535 | 4339444 | 1561503 | 2777941 | 35.98% |

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സ്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | | | | | |
| ബി ഫണ്ട് | 0 | 54301970 | 54301970 | 54301970 | 0 | 100 % |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 392 | 183024536 | 197 | 82680992 | 195 | 0 | 50.25% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18039214 | 19678448 | 1639234 | (+) 9% |
| നികുതിയേതര വരവുകൾ | 7200311 | 2973571 | 4226740 | (-) 58.7% |
| മറ്റുവരവുകൾ | 1691646 | 774533 | 917113 | (-) 54% |
| ജനറൽ പർപ്പസ് ഫണ്ട് | 13194000 | 14528568 | 1334568 | (+)10.11 |
| ആകെ | 40125171 | 37955120 | 2170051 | (-) 5.4% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 700920 | 419 |
| കർഷകതൊഴിലാളി പെൻഷൻ | 3940700 | 418 |
| വിധവാപെൻഷൻ | 20124080 | 1952 |
| വാർദ്ധക്യകാലപെൻഷൻ | 22974910 | 2832 |
| വികലാംഗപെൻഷൻ | 4922380 | 499 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1548980 | 152 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,57,173/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1). കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 ലെ റൂൾ 9(2) പ്രകാരം സാമ്പത്തിക ഇടപാടുകളെ ആധികാരികമാക്കുന്ന എല്ലാ രേഖകളുടേയും ആമുഖപത്രമായിട്ടാണ് വൗച്ചറുകൾ സൂക്ഷിക്കേണ്ടത്. എന്നാൽ മുനിസിപ്പാലിറ്റിയിലെ സാംഖ്യ വൗച്ചറുകളുടെ പ്രിന്റൗട്ട് എടുത്ത് ഒരുമിച്ച് കെട്ടിവെച്ചതായി കാണുന്നു. വൗച്ചറുകൾ നമ്പർ ക്രമത്തിൽ അനുബന്ധരേഖകളുടെ ആമുഖപത്രമായി വെച്ച് ഫയൽ ക്രമപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2). ആസ്തി സംരക്ഷണം - നഗരസഭയുടെ കൈവശമുള്ള ആസ്തികളുടെ കൈവശ രേഖകളുടെ അഭാവത്തിൽ, പാട്ടത്തിന് നൽകിയ ഭൂമി (പാത്തിപ്പാറയിലുള്ള ഭൂമി ) തിരിച്ചുപിടിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

3). വർഷാവർഷങ്ങളിൽ പ്രൊജക്ട് വെച്ച് നിർവ്വഹണം നടത്തി വാങ്ങിയിട്ടുള്ള ഓഫീസ് ഉപകരണങ്ങൾ , ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയ്ക്ക് നമ്പറിംഗ് നടത്താത്തതിനാൽ സ്റ്റോക്ക് പരിശോധന കാര്യക്ഷമമാക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആയത് സംബന്ധിച്ച നടപടികൾ സ്വകരിക്കേണ്ടതാണ്.

4). രേഖകളുടെ സൂക്ഷിപ്പ് - നഗരസഭയിലെ ഫയലിംഗ് സിസ്റ്റം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നോട്ട്ഫയൽ, കറന്റ് ഫയൽ പ്രത്യേകം തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമർപ്പിക്കാൻ സെക്ഷനുകൾ ശ്രദ്ധിക്കേണ്ടതാണ്.

5). അതാതു ദിവസങ്ങളിലെ ഫ്രണ്ട് ഓഫീസ് കളക്ഷനുകൾ യഥാസമയം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. പരിശോധന ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമമായി

ഇക്കാര്യം പരിശോധിക്കേണ്ടതും തുക യഥാസമയം പൂർണ്ണമായും അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2015 മുതൽ 20.06.2015 വരെ | 2012-13 മുതൽ 2014-15 വരെ | 29.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2015 മുതൽ 21.01.2015 വരെ | 2009-10 മുതൽ 2013-14 വരെ | 30.03.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇത് നടപ്പാക്കിയിട്ടില്ല. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളു.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം, രജിസ്റ്റർ ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിവരം, ഈടാക്കിയ ഫീസിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.06/23.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നഗരസഭയിൽ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.15/25.10.2017) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നേടാതെ പെർമിറ്റ് അനുവദിച്ചു.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 30 (e) പ്രകാരം ഗ്രന്ഥശാലകൾ ഗ്രൂപ്പ് D വിനിയോഗത്തിലാണ് ഉൾപ്പെടുന്നത്. ചട്ടം 55 പ്രകാരം, മൊത്തം തറവിസ്തീർണ്ണം 500 ച.മീ കവിയുന്നതും 1000 ച.മീ വരെയുള്ളതുമായ ഗ്രൂപ്പ് D ഒക്യുപ്പൻസിയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ പ്ലോട്ടിന്റേയും ലേ ഔട്ടിന്റേയും അംഗീകാരം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും നേടേണ്ടതാണ്. എന്നാൽ ശ്രീ.വി.വി.തോമസ് & മിനി തോമസ്, ഫോക്കസ് ഇന്ത്യ ട്രസ്റ്റ്, വീട്ടിക്കുത്ത്, നിലമ്പൂർ എന്നവർക്ക് 996.42 ച.മീ വിസ്തൃതിയിലുള്ള ഗ്രന്ഥശാല കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ലഭ്യമാക്കാതെയാണ് പെർമിറ്റ് (പെർമിറ്റ് നമ്പർ. E2-BA(42931)/2016 തിയ്യതി.23.11.2016) അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/27.10.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 സൗരോർജ്ജ സഹായത്താൽ വാട്ടർ ഹീറ്റിംഗ് ,ലൈറ്റിംഗ് എന്നീ സംവിധാനങ്ങൾ ഉറപ്പ് വരുത്താതെ പെർമിറ്റ് അനുവദിച്ചു.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 109 (C) പ്രകാരം, സൗരോർജ്ജ സഹായത്താലുള്ള വാട്ടർ ഹീറ്റിംഗ് സംവിധാനമോ സൗരോർജ്ജ സഹായത്താലുള്ള ലൈറ്റിംഗ് സംവിധാനമോ, രണ്ടിലേതെങ്കിലും ഗ്രൂപ്പ്-A1, A2, C, D വിനിയോഗ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ശ്രീ.അജ്മൽ.എം & മുഹമ്മദ് മുസ്തഫ.എം, മഠത്തിങ്ങൽ ഹൗസ്, പന്നിപ്പാറ.പി.ഒ എന്നവർക്ക് 559.23 ച.മീ വിസ്തൃതിയിലുള്ള പ്രത്യേക വാസഗൃഹ കെട്ടിടത്തിന് (A2) ഈ സംവിധാനം ഉറപ്പ് വരുത്താതെയാണ് പെർമിറ്റ് (പെർമിറ്റ് നമ്പർ. E2-BA(41467)/2016 തിയ്യതി.15.11.2016) അനുവദിച്ചിട്ടുള്ളത്. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള വിഭാവിത നിർമ്മാണത്തിന്റെ പ്ലാനിൽ ആയത് സംബന്ധിച്ചുള്ള ഡ്രോയിംഗ് ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. അനുവദിച്ചിരിക്കുന്ന പെർമിറ്റിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശവും നൽകിയതായി കാണുന്നില്ല. അപാകതയുടെ കാരണം വിശദമാക്കേണ്ടതാണ്.

## 2-5 ഓ ഹോളിനൈറ്റ് സംഗീതപരിപാടി - വിനോദനികുതി ഈടാക്കിയതിലെ അപാകതകൾ.

1965 ലെ കേരള ലോക്കൽ അതോറിട്ടീസ് എന്റർടൈൻമെന്റ്സ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം, പ്രവേശന ചാർജ്ജിന്റെ 24 ശതമാനത്തിൽ കുറയാത്തതും എന്നാൽ 48 ശതമാനത്തിൽ അധികരിക്കാത്തതുമായ തുകയാണ് വിനോദനികുതിയായി ഈടാക്കേണ്ടത്. എന്നാൽ ഓ ഹോളിനൈറ്റ് സംഗീതപരിപാടിയുടെ ഭാഗമായി 17.12.2016 തിയ്യതിയിൽ നടന്ന സംഗീത പരിപാടിക്ക് ഈടാക്കേണ്ട വിനോദനികുതി നിരക്ക് സംബന്ധിച്ച് മുനിസിപ്പൽ കൗൺസിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. പ്രവേശന ചാർജ്ജും, വിനോദനികുതിയും പ്രത്യേകം കാണിക്കാതെ ആകെ തുക മാത്രം രേഖപ്പെടുത്തിയ ₹.500, ₹.300, ₹.200 നിരക്കിലുള്ള ടിക്കറ്റുകളാണ് നഗരസഭ സീൽ ചെയ്ത് നൽകിയിരിക്കുന്നത്. സീൽ ചെയ്ത് നൽകിയ ടിക്കറ്റുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ടിക്കറ്റ് നിരക്കുകൾ (വിനോദ നികുതി ഉൾപ്പെടെ) | ₹.500 | ₹.300 | ₹.200 |
|---|---|---|---|
| സീൽ ചെയ്ത് നൽകിയ ടിക്കറ്റുകളുടെ എണ്ണം | 900 | 1000 | 700 |
| ഉപയോഗിക്കാതെ തിരിച്ച് നൽകിയ ടിക്കറ്റുകളുടെ എണ്ണം | 0 | 0 | 0 |
| ഉപയോഗിച്ച ടിക്കറ്റുകളുടെ എണ്ണം | 900 | 1000 | 700 |

കുറഞ്ഞത് 24 ശതമാനമെങ്കിലും വിനോദനികുതി ഈടാക്കണമെന്നിരിക്കെ നഗരസഭ 20 ശതമാനം നികുതിയാണ് ഈടാക്കിയിട്ടുള്ളത്. നിയമപ്രകാരമുള്ള കുറഞ്ഞ നിരക്കിൽ കണക്കാക്കിയാൽ പോലും നഗരസഭക്ക് ₹.22859/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ടിക്കറ്റ് നിരക്ക് | ഉപയോഗിച്ച ടിക്കറ്റുകളുടെ | പ്രവേശന ചാർജ്ജ് | ഈടാക്കേണ്ട | കണക്കാക്കിയ | ഒരു ടിക്കറ്റിൻ | ആകെ കുറവ് |
|---|---|---|---|---|---|---|

| | എണ്ണം | | വിനോദ നികുതി | വിനോദ നികുതി | മേൽ വന്ന കുറവ് | |
|---|---|---|---|---|---|---|
| ₹.500 | 900 | 403.22 | 96.78 | 84 | 12.78 | 11502 |
| ₹.300 | 1000 | 241.94 | 58.06 | 50 | 8.06 | 8060 |
| ₹.200 | 700 | 161.29 | 38.71 | 34 | 4.71 | 3297 |
| ആകെ | | | | | | 22859 |

വിനോദനികുതിയായി, പരിപാടിയുടെ സംഘാടകനായ ശ്രീ.ടിപ്സൺ.കെ.തോമസ് 1,49,400/- രൂപയുടെ ചെക്ക് (ചെക്ക് നമ്പർ.038465 / 16.12.2016, ഇന്ത്യൻ ബാങ്ക്, നിലമ്പൂർ ബ്രാഞ്ച്) നൽകിയിരുന്നെങ്കിലും അക്കൗണ്ടിൽ മതിയായ തുകയില്ലാത്തതിനാൽ ചെക്ക് ബാങ്ക് നിരസിക്കുകയുണ്ടായി. ഓഡിറ്റ് തിയ്യതി വരെ ഈ തുക നഗരസഭക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ, ചട്ടം 20 പ്രകാരമുള്ള നടപടികളും തുക തിരികെ ഈടാക്കുന്നതിനുള്ള നിയമനടപടികളും കൈക്കൊള്ളേണ്ടതാണ്. വിനോദനികുതി കണക്കാക്കിയതിൽ കുറവ് വന്ന തുകയായ 22859/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-6 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല.

15.03.2013 ലെ സ.ഉ (അ) നമ്പർ.100/2013/തസ്വഭവ ഉത്തരവ് പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകൾ ഉണ്ടായിരിക്കുകകയും അവയിൽ ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യമുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഓഡിറ്റ് വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ചില അപേക്ഷകളിൽ സൈറ്റ് പ്ലാനിൽ റോഡിന്റെ വീതി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വിവരണം | ഈടാക്കേണ്ട വസ്തു നികുതി (L.C, ST ഉൾപ്പടെ) | ഈടാക്കിയ വസ്തു നികുതി (L.C, ST ഉൾപ്പടെ) | കുറവ് (L.C, ST ഉൾപ്പെടെ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പാത്തുമ്മ, പറമ്പൻ, നിലമ്പൂർ.R.S.പി.ഒ (അനുവദിച്ച കെട്ടിടനമ്പർ.XV/23A തി. 03.11.2016) | വിനിയോഗം - ഫർണിച്ചർ ഷെഡ്, തറവിസ്തീർണ്ണം- 39 ച.മീ റോഡിന്റെ വീതി: 5 മീ. ഇളവ്-ഇല്ല. വർദ്ധനവ്- 20% (റോഡ്) അടിസ്ഥാന വസ്തുനികുതി നിരക്ക് - 60 | 3230 (2808 + 141 + 281 ) | 2691 (2340 + 117 + 234) | 539 (468 + 24 + 47) |
| 2 | ഹേമരാജ & ജയകുമാർ രാജ, അളകനന്ദ, നിലമ്പൂർ (അനുവദിച്ച കെട്ടിടനമ്പർ. II/315A തിയ്യതി: 10.11.2016) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 192.02 ച.മീ റോഡിന്റെ വീതി: 5.6 മീ. ഇളവ്- ഇല്ല. വർദ്ധനവ്- റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 6 | 1593 (1384 + 70 + 139) | 1332 (1158 + 58 +116) | 261 (226 + 12 +23) |
| 3 | നാരായണൻ.എം, മുല്ലക്കൽ ഹൗസ്, മുതുകാട് | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം | 805 (700 + | 658 (572 + | 147 (128 + 6 |

| | | | | | | |
|---|---|---|---|---|---|---|
| | (അനുവദിച്ച കെട്ടിടനമ്പർ. XVIII/293A തി. 26.12.2016) | - 105.96 ച.മീ റോഡിന്റെ വീതി: 8 മീ. ഇളവ്-മേഖല (10%) വർദ്ധനവ്-റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 6 | 35 + 70) | 29 + 57 ) | +13) |
| 4 | ജോൺസൺ, വടക്കേപറമ്പിൽ ഹൗസ്, നല്ലംതണ്ണി.പി.ഒ (അനുവദിച്ച കെട്ടിടനമ്പർ. XIII/152 A തി. 03.01.2017) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 223.81ച.മീ റോഡിന്റെ വീതി: 6 മീ. ഇളവ്-മേഖല (10%) വർദ്ധനവ്-റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 6 | 2011 (1748 + 88 + 175) | 1390 (1209 + 60 + 121) | 621 (539 + 28 + 54) |
| 5 | വിശ്വനാഥൻ.ടി.കെ, തീക്കുന്നൻ ഹൗസ്, നിലമ്പൂർ.R.S.പി.ഒ (അനുവദിച്ച കെട്ടിടനമ്പർ. XV/393 A തി. 07.09.2016) | വിനിയോഗം - വാസഗൃഹം തറവിസ്തീർണ്ണം- 66.10 ച.മീ റോഡിന്റെ വീതി: 5.40 മീ. | 594 (516 + 26 + 52) | 410 (356 + 18 + 36) | 184 (160 + 8 + 16) |

| | | | | | |
|---|---|---|---|---|---|
| | | ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 6 | | | |
| 6 | റിയാസ്, കല്ലായി ഹൗസ്, രാമംകുത്ത്<br>(അനുവദിച്ച കെട്ടിടനമ്പർ. XXI/229 A തി. 07.09.2016) | വിനിയോഗം - വാസഗൃഹം.<br>തറവിസ്തീർണ്ണം - 78.89 ച.മീ<br>റോഡിന്റെ വീതി: 8 മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് -6 | 709<br>(616 + 31 + 62) | 491<br>(426 + 22 + 43) | 218<br>(190 + 9 + 19) |
| 7 | റിയാസ്, കല്ലായി ഹൗസ്, രാമംകുത്ത്<br>(അനുവദിച്ച കെട്ടിടനമ്പർ. XXI/229 B തി. 07.09.2016) | വിനിയോഗം - വാണിജ്യം.<br>തറവിസ്തീർണ്ണം - 12 ച.മീ<br>റോഡിന്റെ വീതി: 8 മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%) | 1077<br>(936 + 47 + 94) | 746<br>(648 + 33 + 65) | 331<br>(288 + 14 + 29) |

| | | | | | |
|---|---|---|---|---|---|
| | | അടിസ്ഥാന വസ്തുനികുതി നിരക്ക് -60 | | | |
| 8 | റിയാസ്, കല്ലായി ഹൗസ്, രാമംകുത്ത്<br>(അനുവദിച്ച കെട്ടിടനമ്പർ.XXI/229 C തി. 07.09.2016) | വിനിയോഗം - വാണിജ്യം.<br>തറവിസ്തീർണ്ണം - 12 ച.മീ<br>റോഡിന്റെ വീതി: 8 മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് -60 | 1077<br>(936 + 47 + 94) | 746<br>(648 + 33 + 65) | 331<br>(288 + 14 + 29) |
| 9 | പൈലി.പി.പി, പാറക്കാലായിൽ ഹൗസ്, രാമംകുത്ത്<br>(അനുവദിച്ച കെട്ടിടനമ്പർ. XVIII/247 A തി. 16.12.2016) | വിനിയോഗം - വാസഗൃഹം.<br>തറവിസ്തീർണ്ണം - 224.92 ച.മീ<br>റോഡിന്റെ വീതി: 5 മീ.<br>ഇളവ്-മേഖല (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് -6 | 2019<br>(1755 + 88 + 176) | 1398<br>(1215 + 61 + 122) | 621<br>(540 + 27 + 54) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 10 | കണ്ണൻകുട്ടി, കൊടക്കാടൻ ഹൗസ്, ജവഹർകോളനി<br>(അനുവദിച്ച കെട്ടിടനമ്പർ. VI/474 A തി. 24.05.2017) | വിനിയോഗം - വാണിജ്യം.<br>തറവിസ്തീർണ്ണം - 112.68 ച.മീ<br>റോഡിന്റെ വീതി: 9.25 മീ.<br>ഇളവ്-മേൽക്കൂര (10%)<br>വർദ്ധനവ്-റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് -80 | 13477<br>(11719 + 586 + 1172) | 9330<br>(8113 + 406 + 811) | 4147<br>(3606 + 180 + 361) |
| ആകെ | | | 26592<br>(23118 + 1159 + 2315) | 19192<br>(16685 + 837 + 1670) | 7400<br>(6433 + 322 + 645) |

അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/26.10.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതും നഷ്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്താതെ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കി.

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.12.2013ലെ സ.ഉ(എം.എസ്)നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതൽ ഈ ചട്ടം ബാധകമാണ്. ഇപ്രകാരം നികുതി പരിഷ്കരിച്ച ശ്രീ.റൺസ് മോൻ എബ്രഹാം,

കുമ്മണ്ണുപറമ്പിൽ, നിലമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള ബിയർ പാർലർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 801.56 ച.മീറ്റർ ആണെങ്കിലും 45 ച.മീറ്ററിന് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 15 ച.മീറ്റർ വീതമുള്ള 3 കെട്ടിട നമ്പറുകളിലായി നികുതി നിർണ്ണയിച്ചതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വസ്തുനികുതി | ഗ്രന്ഥശാല വരി | സേവന ഉപനികുതി | ആകെ |
|---|---|---|---|---|
| 30/399 | 778 | 39 | 78 | 895 |
| 30/399 A | 810 | 41 | 81 | 932 |
| 30/399 B | 810 | 41 | 81 | 932 |

ഈ കെട്ടിടത്തിന്റെ, പരിഷ്കരണത്തിന് മുമ്പുള്ള നികുതി നിർണ്ണയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഴയ വസ്തുനികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കെട്ടിട ഉടമ ഹാജരാക്കിയ വസ്തുനികുതി രശീതികൾ പരിശോധിച്ചത് പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്.

| കെട്ടിട നമ്പർ | വസ്തുനികുതി | ഗ്രന്ഥശാല വരി | സേവന ഉപനികുതി | ആകെ |
|---|---|---|---|---|
| 11/801 | 389 | 20 | 132 | 541 |
| 11/802 | 405 | 21 | 34 | 460 |
| 11/803 | 405 | 21 | 34 | 460 |

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്താതെ നികുതി നിർണ്ണയിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 2-8 <u>വസ്തുനികുതി നിർണ്ണയത്തിലെ അപാകത - നഗരസഭക്ക് **4,456/-** രൂപ നഷ്ടം.</u>

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് 80 രൂപയാണ് നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 161.86 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 60 രൂപ /ച.മീ അടിസ്ഥാന വസ്തുനികുതി നിരക്കായി നികുതി നിർണ്ണയിച്ചതിലൂടെ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും. | ശ്രീമതി.ഫൗസിയ, അയനിക്കാടൻ ഹൗസ്, എടക്കര |
| പ്ലിന്ത് ഏരിയ | 161.86 ച.മീ |
| അനുവദിച്ചിരിക്കുന്ന കെട്ടിടനമ്പർ. | II/366 S3 |
| ഈടാക്കേണ്ട വസ്തുനികുതി (161.86*80) | 12,949/- |

| | |
|---|---|
| വർദ്ധനവ് 35% (റോഡ്- 20% + തറ നിർമ്മിതി - 15%) | 4,533/- |
| ആകെ | 17,482/- |
| ഈടാക്കിയ വസ്തുനികുതി | 13,608/- |
| കുറവ് | 3,874/- |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (17482*5%) | 875/- |
| ഈടാക്കിയ ലൈബ്രറി സെസ്സ്. | 681/- |
| കുറവ് | 194/- |
| ഈടാക്കേണ്ട സേവന ഉപനികുതി (17482*10%) | 1749/- |
| ഈടാക്കിയ സേവന ഉപനികുതി | 1,361/- |
| കുറവ് | 388/- |
| ആകെ കുറവുള്ള തുക (3874+194+388) | 4,456/- |

അപാകത ക്രമീകരിക്കേണ്ടതും കുറവ് വന്ന തുകയായ4456/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## **2-9** വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ.

14.01.2011 ലെ സ.ഉ.(അ) നമ്പർ. 17/2011/തസ്വഭവ ഉത്തരവ് പ്രകാരം കേരള സർക്കാർ, മുനിസിപ്പൽ കൗൺസിലുകളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇത് പ്രകാരം നിലമ്പൂർ നഗരസഭ തയ്യാറാക്കിയ നിരക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 06.01.2012 ലെ 11-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിന് ശുപാർശ ചെയ്യുകയും, ആയത് 23.01.2012 ലെ 19-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പരിധിയിൽ നിജപ്പെടുത്തിയല്ല താഴെ പറയുന്ന വിഭാഗങ്ങളുടെ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. കൗൺസിൽ അംഗീകരിച്ച നിരക്കിൽ നിന്നും വ്യത്യസ്തമായാണ് സഞ്ചയയിൽ നികുതി നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിജ്ഞാപനത്തിലെ | കെട്ടിടങ്ങളുടേയും | ഏറ്റവും കുറഞ്ഞ | ഏറ്റവും കൂടിയ | നഗരസഭ അംഗീകരിച്ച | സഞ്ചയയിൽ |
|---|---|---|---|---|---|

| ക്രമനമ്പർ | ഉപവിഭാഗങ്ങളുടേയും വിവരണം. | നിരക്ക് | നിരക്ക് | നിരക്ക് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|---|---|
| 2 (iv) | 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ. | 90 | 140 | 60 | 90 |
| 7 (i) | കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ. | 15 | 30 | 60 | 20 |

ഇതിന്റെയടിസ്ഥാനത്തിൽ ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയ്ക്ക് സർക്കാർ നിരക്കിനേക്കാൾ അധികരിച്ച് നികുതി നിർണ്ണയിച്ചത് ഓഡിറ്ററിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സഞ്ചയയിൽ ഈ കെട്ടിടങ്ങളെ ഇതര വ്യവസായങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 60 രൂപ / ച.മീ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ. | കെട്ടിട നമ്പർ | പേരും വിലാസവും | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. |
|---|---|---|---|
| 1 | 4/37 J | റോബിൻ റോയ്, ഉള്ളൂർ പുത്തൻ പുരയ്ക്കൽ, ഏനാന്തി | 160 |
| 2 | 4/37 K | റോബിൻ റോയ്, ഉള്ളൂർ പുത്തൻ പുരയ്ക്കൽ, ഏനാന്തി | 160 |

200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് സർക്കാർ നിരക്കിനേക്കാൾ കുറവായാണ് നികുതി നിരക്ക് നിശ്ചയിച്ചതെങ്കിലും, നികുതി നിർണ്ണയത്തിൽ അപാകത

ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

വസ്തുനികുതി നിരക്ക് നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും അധിക നിരക്കിൽ വസ്തുനികുതി ഈടാക്കിയ കെട്ടിടങ്ങൾക്ക് തുടർ വർഷങ്ങളിൽ ക്രമീകരിച്ച് നൽകേണ്ടതുമാണ്.

(മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.48/30.10.2017 ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-10 അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡ് - വസ്തുനികുതിയിൽ വിത്യസ്ത നിരക്കിൽ വർദ്ധനവ്.

15.03.2013 ലെ സ.ഉ (അ) നമ്പർ.100/2013/തസ്വഭവ ഉത്തരവ് പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20ശതമാനമാണ് വർദ്ധനവ് വരുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഒരേ ദിവസം ചെയ്ത ചില കെട്ടിടങ്ങൾക്ക് 20% നിരക്കിലും മറ്റ ചില കെട്ടിടങ്ങൾക്ക് 30% നിരക്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വിവരണം | ഈടാക്കേണ്ട വസ്തുനികുതി (L.C, ST ഉൾപ്പെടെ) | ഈടാക്കിയ വസ്തുനികുതി (L.C, ST ഉൾപ്പെടെ) | അധികമായി ഈടാക്കിയത് (L.C, ST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | ഷംസു & സീനത്ത്, തറമണ്ണിൽ കൊരമ്പയിൽ, മുട്ടിപ്പാലം, മഞ്ചേരി (അനുവദിച്ച കെട്ടിടനമ്പറുകൾ . XX111/542 A1 മുതൽ A9 വരെ 9 നമ്പറുകൾ. തി. 27.09.2016) | വിനിയോഗം - വാണിജ്യം തറവിസ്തീർണ്ണം - 1139.30 ച.മീ ഇളവ്-ഇല്ല. വർദ്ധനവ്- 20% (റോഡ്) അടിസ്ഥാന വസ്തുനികുതി നിരക്ക് - 80 | 125780 (109373 + 5469 + 10938 ) | 136176 (118415 + 5921 + 11840) | 10396 (9042 + 452 + 902) |
| 2 | വിജയകുമാരി, കൊളക്കാട്ട് പുത്തൻപുരക്കൽ, | വിനിയോഗം - വാണിജ്യം തറവിസ്തീർണ്ണം | 28087 (24422 + | 29238 (25424 + | 1151 (1002 + |

| | | | | | |
|---|---|---|---|---|---|
| | ചാരംകുളം<br>(അനുവദിച്ച കെട്ടിടനമ്പർ.II/366 S2 തി. 27.09.2016) | - 226.24 ച.മീ<br>ഇളവ്-ഇല്ല.<br>വർദ്ധനവ്- 20% (റോഡ്)<br>വർദ്ധനവ്- 15% (തറ നിർമ്മിതി)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 80 | 1222 + 2443 ) | 1272 + 2542) | 50 + 99) |
| 3 | വിജയകുമാരി, കൊളക്കാട്ട് പുത്തൻപുരക്കൽ, ചാരംകുളം<br>(അനുവദിച്ച കെട്ടിടനമ്പർ.II/366 S4 തി. 27.09.2016) | വിനിയോഗം - വാണിജ്യം<br>തറവിസ്തീർണ്ണം - 266.81 ച.മീ<br>ഇളവ്-ഇല്ല.<br>വർദ്ധനവ്- 20% (റോഡ്)<br>വർദ്ധനവ്- 15% (തറ നിർമ്മിതി)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 80 | 33139<br>(28816 + 1441 + 2882 ) | 34391<br>(29904 + 1496 + 2991) | 1252<br>(1088 + 55 + 109) |
| 4 | ഫൗസിയ, അയനിക്കാടൻ, എടക്കര<br>(അനുവദിച്ച കെട്ടിടനമ്പർ.II/366 S5 തി. | വിനിയോഗം - വാണിജ്യം<br>തറവിസ്തീർണ്ണം - 214.23 ച.മീ<br>ഇളവ്-ഇല്ല. | 26609<br>(23138 + 1157 + 2314 ) | 27692<br>(24080 + 1204 + 2408) | 1083<br>(942 + 47 + 94) |

| | | | | | |
|---|---|---|---|---|---|
| | 27.09.2016) | വർദ്ധനവ്- 20% (റോഡ്) വർദ്ധനവ്- 15% (തറ നിർമ്മിതി) അടിസ്ഥാന വസ്തുനികുതി നിരക്ക് - 80 | | | |
| ആകെ | | | 213615 (185749 + 9289 + 18577) | 227497 (197823 + 9893 + 19781) | 13882 (12074 + 604 + 1204) |

ചില കെട്ടിടങ്ങൾക്ക് മാത്രം നിയമാനുസൃത നിരക്കിൽ അധികരിച്ച് നികുതി നിർണ്ണയിച്ചതിന്റെ കാരണം വിശദമാക്കേണ്ടതും, അധിക നികുതി ചുമത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിക്കേണ്ടതും അധികം ഈടാക്കിയ തുക തുടർവർഷങ്ങളിലെ നികുതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

## 2-11 വരവ് തുക യഥാസമയം അക്കൗണ്ടിൽ അടവാക്കുന്നില്ല.

1. നഗരസഭയുടെ കീഴിലുള്ള ഇ.എം.എസ് ലൈബ്രറിയിൽ നിന്നുള്ള വരവ് തുകകൾ യഥാസമയം അടവാക്കുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നം / തിയതി | തുക | അടവാക്കിയ തിയതി |
|---|---|---|---|
| 1 | 1/65/04.04.2017 | 500 | 22.05.2017 |
| 2 | 1/66/15.05.2017 | 500 | 17.06.2017 |
| 3 | 1/67/14.06.2017 | 500 | 29.07.2017 |
| 4 | 1/68/06.07.2017 | 150 | 31.08.2017 |
| 5 | 1/69/20.07.2017 | 170 | 31.08.2017 |
| 6 | 1/70/24.08.2017 | 170 | 28.09.2017 |

| | | | |
|---|---|---|---|
| 7 | 1/71/08.09.2017 | 120 | ഓഡിറ്റ് തിയതി (23.10.17)വരെയും അടവാക്കിയിട്ടില്ല. |

തുക അടവാക്കുന്നതിൽ കാലതാമസം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. വിവിധ തീയതികളിൽ ഫ്രണ്ട് ഓഫീസിൽ ലഭ്യമായ വരവ് തുകകൾ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ അടവാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന തീയതികളിൽ തുക അടവാക്കിയതിൽ കാലതാമസം വന്നതായി കാണുന്നു.

| ക്രമ നം | തിയതി | തുക | അടവാക്കിയ തിയതി |
|---|---|---|---|
| 1 | 03.02.2017 | 82467 | 06.02.2017 |
| 2 | 23.02.2017 | 326143 | 27.02.2017 |

അപാകതയുടെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.26/26.10.2017) 04.02.2017 ന് ബാങ്കിലെ കണക്റ്റിവിറ്റി പ്രശ്നം മൂലവും, 24.02.2017, 25.02.2017, 26.02.2017 തിയ്യതികളിൽ ബാങ്ക് അവധിയായതിനാലുമാണ് പണമടക്കാഞ്ഞത് എന്നാണ് മറുപടി നൽകിയത്. എന്നാൽ 04.02.2017, 24.02.2017 എന്നീ തിയ്യതികളിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.57050695193, SBI, Nilambur) ഇടപാടുകൾ നടന്നിട്ടുണ്ട്. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി തന്നത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വരവ് തുക യഥാസമയം അടവാക്കാത്തത് താൽക്കാലികമായി പൊതുപണം കൈവശം വെച്ചതും, താൽക്കാലിക ധനാപഹരണമായേ ഓഡിറ്റിന് പരിഗണിക്കാനാവൂ. ടി വിഷയം നഗരസഭ അതീവ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതും, ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. വരവ് തുക യഥാസമയം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതും, ഇത് മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-12 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ.

2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ , എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് കാലികമാക്കേണ്ടതുമാണ്. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

നഗരസഭയിൽ നിലവിലുള്ള ബൈലോ അനുസരിച്ച് വാർഷിക വിറ്റുവരവ്, യന്ത്രത്തിന്റെ കുതിരശക്തി, യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണം, കേബിൾ ടി.വി കളുടെ കാര്യത്തിൽ കണക്ഷനുകളുടെ എണ്ണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഡി & ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിലോ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലോ ഇത്തരം വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മതിയായ ഫീസ് ഈടാക്കിയാണോ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

ഡി & ഒ ലൈസൻസ് ആവശ്യമായ ഇനങ്ങളുടെ ഫീസ് സംബന്ധിച്ച് നഗരസഭയിൽ നിലവിലുള്ള പട്ടിക അനുസരിച്ച് ഈടാക്കേണ്ട ഫീസ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഫീസ് |
|---|---|---|
| 1 | ക്ലിനിക്കൽലബോറട്ടറി<br>(i)ഒരാൾ മാത്രം പ്രവർത്തി ചെയ്യുന്നത്<br>(ii)ഒന്നിലധികം പേർ | 300<br>500 |
| 2 | എക്സ് റേ യൂണിറ്റ് | 250 |
| 3 | സ്കാനിംഗ് സെന്റർ | 1500 |

താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് അപേക്ഷയോടൊപ്പം പാരമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനത്തിലെ ക്ലിനിക്കൽ ലാബിൽ പ്രവർത്തിചെയ്യുന്നവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചപ്പോൾ ആനുപാതികമായ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷകൻ / സ്ഥാപനം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|
| 1 | ഹസ്സത്ത് .എം , കമ്പൈന്റ് ലബോറട്ടറി & സ്കാനിംഗ് സെന്റർ | 2000<br>(ക്ലിനിക്കൽ ലാബ്-500<br>സ്കാനിംഗ്-1500) | 1750/-<br>22444തി. 16.03.16 | 250 |
| 2 | ശ്രീപ്രസീന. കെ.പി<br>ലൈഫ് കെയർ ക്ലിനിക്കൽ ലബോറട്ടറി | 500<br>(ക്ലിനിക്കൽ ലാബ് ) | 300/-<br>16698തി.05.02.16 | 200 |

| | | | | |
|---|---|---|---|---|
| 3 | ജോസി ജോർജ്, ഡോക്ടേഴ്സ് പോളി ക്ലിനിക്ക് | 500 (ക്ലിനിക്കൽ ലാബ് ) | 300/- 16446തി. 03.02.16 | 200 |
| 4 | ജോസി ജോർജ്, ഡോക്ടേഴ്സ് സ്കാൻ & ഡയഗ്നോസ്റ്റിക് സെന്റർ | 2250 (ക്ലിനിക്കൽ ലാബ്-500 സ്കാനിംഗ്- 1500 ,എക്സ് റേ- 250) | 1800/- 16448തി.03.02.16 | 450 |
| 5 | ഡോ. വിനോദ് കുമാർ പിള്ള, മെഡ് സ്കാൻ | 2000/- (ക്ലിനിക്കൽ ലാബ്-500 സ്കാനിംഗ്- 1500) | 1800/- 2174 തി. 26.2.16 | 200 |
| 6 | രുഗ്മിണി അമ്മ.പി, അശ്വിനി ലാബ് | 500 (ക്ലിനിക്കൽ ലാബ് ) | 300/- 17671തി.12.02.16 | 200 |
| 7 | നരേന്ദ്രൻ.യു, നിമ്മി സ്പെഷ്യാലിറ്റി ലബോറട്ടറി | 500 (ക്ലിനിക്കൽ ലാബ് ) | 250/- 17376തി.11.02.16 | 250 |
| 8 | ജോസി ജോർജ്, ഡോക്ടേഴ്സ് സ്കാൻ & ലബോറട്ടറി, ചന്തക്കുന്ന് | 500 (ക്ലിനിക്കൽ ലാബ്- ) | 300/- 1644തി. 03.02.16 | 200 |
| 9 | ഡോ. വി.ജെ.ജോസ്, മെഡോണ ക്ലിനിക്കൽ | 500 | 300/- | 200 |

| | | | | |
|---|---|---|---|---|
| | ലാബ് | (ക്ലിനിക്കൽ ലാബ്- ) | 20903തി. 20.02.16 | |
| ആകെ | | | | 2150 |

തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-13 പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നിലമ്പൂർ വില്ലേജിലെ റീസർവ്വെ നമ്പർ. 675 ൽ ഉൾപ്പെട്ട പാത്തിപ്പാറയിലെ 4 ഏക്കർ 10 സെന്റ് വിസ്തൃതിയിലുള്ള പുഴഭാഗം ശ്രീ. കുരിയിക്കൽ ചാക്കോയ്ക്കും തുടർന്ന് മക്കളായ ചിന്നമ്മ, മേരി, കുഞ്ഞമ്മ, തങ്ക എന്നിവർക്ക് 1966 മുതൽ പാട്ടത്തിന് നൽകുകയും 2012-13 വരെ വർഷാവർഷം പാട്ടം പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ വ്യക്തികളുമായുള്ള കരാർ പ്രകാരം ലീസിന് നൽകിയ സ്ഥലത്ത് നെല്ല് , കപ്പ തുടങ്ങിയ ഹ്രസ്വ കാല വിളകൾ മാത്രമെ കൃഷി ചെയ്യാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് റബ്ബർ , തെങ്ങ് എന്നിവ കൃഷി ചെയ്ത് വരുന്നതായി പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന്, മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ (2011-12, 2012-13, 2013-14, 2014-15 ) പ്രസ്തുത ഭൂമി റിസർവ്വെ ചെയ്യുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. പാട്ടത്തിന് നൽകിയ സ്ഥലത്ത് ഏകദേശം 400 റബ്ബർ മരങ്ങൾ, 100 തെങ്ങ് എന്നിവ നിലവിലുണ്ടെന്നും പാട്ടക്കാരന് ഒരു മാസം 30,000/- രൂപയിലധികം വരുമാനം ലഭിക്കുന്ന വിധത്തിലുള്ള നിലയിലാണ് കൃഷി ഭൂമിയുള്ളത് എന്നും എന്നാൽ നഗരസഭക്ക് നാമമാത്രമായ തുകയാണ് പാട്ടം ഇനത്തിൽ ലഭിക്കുന്നതെന്നും റവന്യൂ ഇൻസ്‌പെക്ടർ (04.09.2014 ) ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

25.09.2014 ലെ 41630/ആർ.സി.4/2014/തസ്വഭവ നമ്പർ സർക്കുലറിൽ നദികളുടേയും പുഴകളുടേയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേക്കോ താത്കാലികമായോ അന്യാധീനപ്പെടുത്തരുതെന്നും , ഇതിനകം പുഴഭാഗം പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അത്തരം നടപടി നിയമവിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചുപിടിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. പാട്ടഭൂമി ഒഴിപ്പിക്കുന്നതിനെതിരെ ബന്ധപ്പെട്ട കക്ഷികൾ WP(C) 10199/2015 ആയി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത സാഹചര്യത്തിൽ പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണെന്ന് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7 പ്രകാരവും നിർദ്ദേശിച്ചിരുന്നു.

പാട്ടഭൂമി സംബന്ധിച്ച വസ്തു അളന്നു തിട്ടപ്പെടുത്തി , അതിർത്തി തിരിച്ച് അടങ്കൽ തയ്യാറാക്കി സമർപ്പിക്കുന്നതിനായി നിലമ്പൂർ വില്ലേജ് ഓഫീസർക്ക് 01.03.2016 ന് കത്ത് നൽകി. റിസർവ്വെ 675 എന്നത് വില്ലേജ് രേഖകൾ പ്രകാരം നിലവിലുള്ളതായി കാണാത്തതിനാൽ ആയത് സംബന്ധിച്ച വ്യക്തത വരുത്തുന്നതിന് ഒരു സംയുക്ത പരിശോധന നടത്തുന്നതിന് നിലമ്പൂർ വില്ലേജ് ഓഫീസർ 02.07.2016 ലെ 563/16 നമ്പർ കത്തിലൂടെ ശുപാർശ ചെയ്തിരുന്നു. 21.07.2016 ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിക്കുകയും ഈ വിവരം വില്ലേജ് ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധന നടത്തി അതിർത്തി നിർണ്ണയിച്ചതിന്റേയോ, പാട്ടഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള തുടർ നടപടികളുടേയോ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ വ്യക്തമല്ല. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള വിശദവിവരം ലഭ്യമാക്കുവാൻ 43 /28.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-14 ചെട്ടിയങ്ങാടി പഴയ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് നൽകിയില്ല - നഗരസഭക്ക് വരുമാന നഷ്ടം.

നഗരസഭയുടെ കീഴിലുള്ള ചെട്ടിയങ്ങാടി ഷോപ്പിംഗ് കോംപ്ലക്സിലെ 12/5, 12/6 എന്നീ കടമുറികൾ മുൻവർഷം ലേലം ഏറ്റെടുത്തിരുന്നവർ നഗരസഭയെ തിരിച്ചേൽപ്പിച്ചതിനെ തുടർന്ന് 01.04.2016 മുതൽ

ഒഴിഞ്ഞുകിടക്കുകയായിരുന്നു. ചെട്ടിയങ്ങാടി പഴയ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന ഈ മുറികൾ അനുവദിക്കണമെന്ന് കാണിച്ച് ശ്രീ.മുജീബ്. പി, പൊറ്റമ്മൽ 18.07.2016 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മുറികൾ ലേലം ചെയ്ത് നൽകുന്നതിന് വാടക നിശ്ചയിക്കുന്നതിനായി ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചതാണെന്നും തീരുമാനമാകുന്ന മുറയ്ക്ക് നടത്തുന്ന പൊതുലേലത്തിൽ പങ്കെടുക്കാവുന്നതാണെന്നുമുള്ള മറുപടിയാണ് അപേക്ഷകന് നൽകിയത്. മുറികളുടെ വാടക യഥാസമയം നിശ്ചയിച്ച്, ലേല നടപടികൾ സ്വീകരിക്കാത്തതിനാൽ 2016- 17 വർഷം മുഴുവൻ ഈ മുറികൾ ഒഴിഞ്ഞുകിടന്നതിനാൽ വാടക ഇനത്തിൽ ഏറ്റവും കുറഞ്ഞത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള നഷ്ടം വന്നിട്ടുണ്ട്. 2015-16 വർഷത്തിലെ ഈ മുറികളുടെ വാടക വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നമ്പർ | വാർഷിക വാടക |
|---|---|---|
| 1 | 12/5 | 11426/- രൂപ |
| 2 | 12/6 | 10454/- രൂപ |

ഒഴിഞ്ഞുകിടക്കുന്ന മുറികൾക്ക് ആവശ്യക്കാരുണ്ടായിട്ടും യഥാസമയം ലേല നടപടികൾ കൈക്കൊണ്ട് വാടകക്ക് നൽകാത്തത് മൂലം നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 44/28.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. യഥാസമയം വാടക നിശ്ചയിക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെഅജണ്ടയിൽ ഉൾപ്പെടുത്താതെ പോയതിന് , സെക്ഷൻക്ലാർക്ക് സൂപ്പർവൈസിംഗ് ഓഫീസർഎന്നിവർ കുറ്റക്കാരാണ്. ആയതിനാൽ ടി നഷ്ടത്തിന് ബന്ധപ്പെട്ടവർ ഉത്തരവാദികളാണ്. നഗരസഭക്കുണ്ടായ മേൽ നഷ്ടം ഉത്തരവാദിയായഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-15 ചന്തക്കുന്ന് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ - അറ്റകുറ്റപ്പണി യഥാസമയം നടത്തിയില്ല.

നഗരസഭയിലെ ചന്തക്കുന്ന് ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ചുമതലയുടെ ലേല കാലാവധി 30.04.2016 ന് അവസാനിക്കുന്നതിനാൽ 2016-17വർഷത്തേക്ക് ഫീസ് പിരിക്കുന്നതിനുള്ള കുത്തക ലേലം നൽകുന്നതിനായി 04.03.16 , 15.03.16, 29.03.16, 30.04.16 എന്നീ തിയതികളിൽ പൊതുലേലം നടത്തിയതിൽ കഴിഞ്ഞ വർഷത്തെ നിരക്കിനേക്കാൾ കൂട്ടിവിളിക്കാൻ ആരും തന്നെ തയ്യാറായില്ല. കംഫർട്ട് സ്റ്റേഷന് അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന സെക്രട്ടറിയുടെ നിർദ്ദേശം ചെയർപേഴ്സൺ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കംഫർട്ട് സ്റ്റേഷൻ പരിശോധിച്ച് അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടോ എന്ന് നിശ്ചയിക്കുന്നതിനും ആവശ്യമെങ്കിൽ ആയതിനുള്ള അടങ്കൽ തയ്യാറാക്കി 7 ദിവസത്തിനകം റിപ്പോർട്ട് നൽകുന്നതിനും നഗരസഭാ എഞ്ചിനീയർക്ക് 07.05.2016 ന് കുറിപ്പ് നൽകി. എന്നാൽ റിപ്പോർട്ടുകൾ ഒന്നും ലഭ്യമാക്കാത്തതിനാൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റിപ്പോർട്ട് സമർപ്പിക്കാൻ നഗരസഭാ എഞ്ചിനീയർക്ക് ഓർമ്മകുറിപ്പ് 20.07.2016 ന് നൽകിയിട്ടും മാസങ്ങൾക്കുശേഷവും പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി നൽകിയില്ല. 14.12.2016 ലെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 03.01.2017 ന് മാത്രമാണ് അടങ്കൽ തയ്യാറാക്കി ( 49000/- രൂപ )നൽകിയിട്ടുള്ളത്. ഈ റിപ്പോർട്ട് ഭരണാനുമതിക്കായി 30.01.2017 ലെ യോഗത്തിൽ നൽകിയെങ്കിലും അടിയന്തിര പ്രാധാന്യവും കാലതാമസവും കണക്കിലെടുക്കാതെ ആയത് അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നാളിതുവരെയും ഭരണസമിതി ഈ വിഷയത്തിൽ യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല. അറ്റകുറ്റപ്പണികൾ നടത്താതെ തന്നെ 30.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 26000/- രൂപക്ക് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ചുമതല ഏറ്റെടുത്തതായും കംഫർട്ട് സ്റ്റേഷന്റെ ശോചനീയാവസ്ഥ കാരണം ലേലം ഒഴിഞ്ഞതായും കാണുന്നു. നാളിതുവരെയും പ്രസ്തുത കംഫർട്ട് സ്റ്റേഷനിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.

2015-16 വർഷത്തിൽ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ചുമതല 117000/- രൂപക്കാണ് നൽകിയിരുന്നത്. നഗരസഭാ എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം ഈ പ്രവൃത്തിക്ക് ആവശ്യമായ അടങ്കൽ 49000/- രൂപയായിരുന്നു. അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കിയിരുന്നെങ്കിൽ മുൻവർഷങ്ങളിൽ നൽകിയ തുകയേക്കാൾ കൂടിയ തുകക്കുതന്നെ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് കുത്തക

ലേലത്തിന് നൽകാമായിരുന്നു. അത്തരത്തിലുള്ള നടപടി സ്വീകരിക്കാത്തതിനാൽ 2016-17 വർഷത്തിൽ നഗരസഭക്ക് ഈ ഇനത്തിൽ ഏറ്റവും ചുരുങ്ങിയത് 117000/- രൂപയുടെ നഷ്ടം വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ചന്തക്കുന്ന് ബസ്സ്റ്റാന്റ്പോലെ തിരക്കേറിയ ഒരു സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ അടച്ചുപൂട്ടിയതിനാൽ പൊതുജനങ്ങളും ദുരിതത്തിലാണ്. കംഫർട്ട് സ്റ്റേഷന്റെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിച്ച് നടത്തിപ്പ് ചുമതല ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികളുടെ വിശദ വിവരം രേഖാമൂലം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 2-16 വരവ് തുക അടവാക്കിയതിൽ 2055 രൂപയുടെ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി.

വിവിധ തിയതികളിൽ ഫ്രണ്ട് ഓഫീസിൽ ലഭ്യമായ വരവ് തുക പൂർണ്ണമായി യഥാസമയം അടവാക്കിയില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | അടവാക്കേണ്ട തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|
| 1 | 29/09/2016 | 528419 | 528416 | 3 |
| 2 | 21/03/2017 | 336173 | 336171 | 2 |
| 3 | 29/05/2017 | 138481 | 138431 | 50 |
| 4 | 20/07/2017 | 36264 | 34264 | 2000 |
| | ആകെ | | | 2055 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക 31.10.2017 ന് മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. സാംഖ്യയിൽ വരവ് തുക കൃത്യമായി കോണ്ട്ര എൻട്രി നടത്തിയിട്ടുണ്ടെങ്കിലും തുക പൂർണ്ണമായി യഥാസമയം അക്കൗണ്ടിൽ അടവാക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പൊതുപണം കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതും വരവ് തുക യഥാസമയം അടവാക്കുന്നു എന്ന് മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-17 തൊഴിൽ നികുതി - വിവിധ അപാകതകൾ.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററുകളും രേഖകളും നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2016-17 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച വരവിന്റേയും സാമ്പത്തിക വർഷാവസാനം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടേയും ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക ഭാഗികമായി മാത്രം രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കാലികമാക്കി ബന്ധപ്പെട്ട റിട്ടേണുകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2). വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.

3).സ്ഥാപന നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4). തൊഴിൽനികുതി അടവാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ഫിയാമ വെഡിംഗ് സെന്റർ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 2 | ഷിഫ ഹോമിയോ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 3 | ടി.പി.മോട്ടോർസ്, നിലമ്പൂർ , മിനർവപ്പടി | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | ഹോട്ടൽ ജി.ഡി.ഇന്റർനാഷണൽ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 5 | ഹോട്ടൽ റോസ് ഇന്റർനാഷണൽ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 6 | ഉപാസ് ഹൈ സ്ലീപ്പ് റബ്ബറൈസ്ഡ് കയർ പ്രൊഡക്ട്സ് | രണ്ടാം അർദ്ധവർഷം |
| 7 | മഹാറാണി ഗോൾഡ് പാർക്ക് & സിൽക്സ് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 8 | ലാമിയ സിൽക്സ് & സാരീസ് , കീർത്തിപ്പടി | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 9 | ഏലംകുളം ഹോസ്പിറ്റൽ, നിലമ്പൂർ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 10 | നിലമ്പൂർ കാളികാവ് കള്ള് ചെത്ത് സഹകരണ സംഘം | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 11 | ബെസ്റ്റ് ബ്രിക്സ്, വല്ലപ്പുഴ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 12 | പി.ജി. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 13 | നിലമ്പൂർ കോ- ഓപ്പറേറ്റീവ് മാനേജിംഗ് പ്രോസസിംഗ് സൊസൈറ്റി, നിലമ്പൂർ റയിൽവെ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 14 | ഗുഡ് ഹോപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നിലമ്പൂർ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

ഈ ജിവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

5). അഭിഭാഷകരിൽ നിന്നും നികുതി ഈടാക്കിയില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) ൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ , പാരമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിൽ ധാരാളം അഭിഭാഷകർ തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും ഇവരിൽ നിന്നും 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (എൻക്വയറി നമ്പർ.45/28.10.2017) നിലമ്പൂർ ബാർ അസോസിയേഷന് കീഴിലുള്ള അഭിഭാഷകരുടെ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് കൊണ്ടും അഭിഭാഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് കൊണ്ടും ബാർ അസോസിയേഷന് 17.12.2015 ന് കത്ത്നൽകിയിരുന്നുവെങ്കിലും ഇന്നേ വരെ മറുപടി ലഭിച്ചിട്ടില്ല എന്നാണ് നഗരസഭ അറിയിച്ചിട്ടുള്ളത്. തുടർനടപടികളൊന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-18 പരസ്യ നികുതി ഈടാക്കിയതിലെ അപാകതകൾ.

1). നഗരസഭയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങളുടെ പോസ്റ്ററുകൾ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പതിച്ചതിന്റെ 2014-15, 2015-16 വർഷങ്ങളിലെ താഴെ പറയുന്ന പ്രകാരമുള്ള കുടിശ്ശിക അടവാക്കുന്നതിന് 4 തിയേറ്ററുകൾക്ക് നഗരസഭ 08.06.2016 ലെ ആർ3-10733/15 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.

| തിയേറ്റർ | പരസ്യനികുതി | | പിഴപ്പലിശ | ആകെ |
|---|---|---|---|---|
| | 2014-15 | 2015-16 | | |
| ഫെയറി ലാന്റ് | 5523 | 4465 | 199 | 10187 |
| ഫെയറി ലാന്റ് | 6463 | 5758 | 245 | 12466 |
| ജ്യോതി | 8930 | 7050 | 319 | 16299 |
| രാജേശ്വരി | 6110 | 6463 | 240 | 12813 |

ഇപ്രകാരമുള്ള കുടിശ്ശിക തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2).ഓഡിറ്റ് വർഷത്തിൽ 19.01.2017 മുതലുള്ള ചലച്ചിത്രങ്ങളുടെ പോസ്റ്ററുകൾ പതിക്കുന്നതിന്റെ പരസ്യനികുതി മാത്രമേ തിയേറ്ററുകളിൽ നിന്നും ഈടാക്കിയതായി കാണുന്നുള്ളൂ. 01.04.2017 മുതൽ 18.10.2017 വരെയുള്ള കാലയളവിൽ തിയേറ്ററുകളിൽ നിന്നും ഈടാക്കിയ പരസ്യനികുതിയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല.

3).ഓഡിറ്റ് വർഷത്തിൽ മറ്റുപരസ്യങ്ങളിൽ 15 പേരിൽ നിന്നായി ആകെ 25,894/- രൂപ മാത്രമാണ് (13.07.2016 മുതൽ മാത്രം) ഈടാക്കി കാണുന്നത്. നഗരപ്രദേശങ്ങളിൽ അനുവാദമില്ലാതെ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങളിൻമേൽ നടപടി സ്വീകരിക്കുന്നതിനും പരസ്യനികുതി ഈടാക്കുന്നതിനും 23.06.2016 ൽ മാത്രമാണ് സെക്രട്ടറി ഉത്തരവ് നൽകിയിട്ടുള്ളത്. യഥാസമയത്തുള്ള ഉചിതമായ നടപടിയുടെ അഭാവം മൂലം 01.04.2016 മുതൽ 22.06.2016 വരെ നഗരസഭക്ക് കിട്ടേണ്ടിയിരുന്ന പരസ്യനികുതി നഷ്ടപ്പെടാൻ ഇടവന്നിട്ടുണ്ട്.

അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 24/26.10.2017) ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ അറിയിക്കുന്നു.

1).2014-15, 2015-16 വർഷത്തിലേക്ക് ജ്യോതി തിയേറ്റർ അടവാക്കേണ്ട 16,299/- രൂപയിലേക്ക് നാളിത് വരെ 5,000/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാക്കി 11,299/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2).2016-17 വർഷത്തിൽ പരസ്യ നികുതി സമയബന്ധിതമായി ഈടാക്കാൻ നഗരസഭ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും തിയേറ്ററുകൾ സഹകരിച്ചില്ലായെന്നും 01.01.2007 മുതൽ മാത്രമാണ് സിനിമകൾ

മാറുന്ന മുറക്ക് പരസ്യനികുതി അടവാക്കിയിട്ടുള്ളത് എന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് അംഗീകരിക്കാനാവില്ല. ടിക്കറ്റ് സീൽ ചെയ്ത് നൽകുന്നത് നഗരസഭയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കാര്യമായതിനാൽ വിനോദനികുതി അടക്കുന്നതിനോടൊപ്പം തന്നെ പരസ്യനികുതി ഈടാക്കാൻ കർശന നിർദ്ദേശം നൽകിയിരുന്നുവെങ്കിൽ ആയത് സമയബന്ധിതമായി അടവാക്കുമായിരുന്നു. സിനിമകൾ മാറുമ്പോൾ നഗരസഭയിൽ പോസ്റ്ററുകളുടെ വലിപ്പം, എണ്ണം എന്നിവ കാണിച്ച് ആയതിലേക്കുള്ള പരസ്യനികുതിയും അടവാക്കി പോസ്റ്ററിൽ നഗരസഭയുടെ സീലും പതിച്ച ശേഷം മാത്രം ആയത് നഗരസഭാ പരിധിയിൽ പതിച്ചാൽ മതി എന്ന ഉത്തരവ് നഗരസഭ പുറപ്പെടുവിക്കുകയോ ആയതിന് നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല.

01.04.2016 മുതൽ 31.12.2016 വരെയുള്ള തിയേറ്ററുകൾ അടവാക്കേണ്ട പരസ്യനികുതിയുടെ ഡിമാന്റ്, നഗരസഭ അംഗീകരിച്ച് നൽകിയ / നഗരസഭ പ്രദേശത്ത് പതിച്ച പോസ്റ്ററുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാൽ ടി കാലയളവിൽ തിയേറ്ററിൽ പ്രദർശിപ്പിച്ച സിനിമകളുടെ എണ്ണം മാത്രം കണക്കാക്കി പോസ്റ്ററുകളുടെ ഏകദേശ എണ്ണം കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി ഡിമാന്റ് തുക യഥാർത്ഥ വരവ് തുക ആവില്ലെന്ന് നഗരസഭക്കും ഓഡിറ്റിനും വ്യക്തമാണ്. സിനിമകൾ മാറുമ്പോൾ തന്നെ പോസ്റ്ററുകൾ സീൽ ചെയ്ത് നൽകുന്നതിനും യഥാർത്ഥ ഡിമാന്റ് തുക കണക്കാക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈയിനത്തിലെ നികുതി ചോർച്ച തടയാമായിരുന്നു. ഈ കാലയളവിൽ ഇടാക്കേണ്ട പരസ്യനികുതി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

| തിയേറ്റർ | ഡിമാന്റ് തുക | പിഴപ്പലിശ | ആകെ |
|---|---|---|---|
| ഫെയറിലാന്റ് 1 | 2500 | 300 | 2800 |
| ഫെയറിലാന്റ് 2 | 3125 | 375 | 3500 |
| ജ്യോതി | 10000 | 1200 | 11200 |
| രാജേശ്വരി | 4750 | 570 | 5320 |

മേൽ തുക തിയേറ്ററുകൾക്ക് തിരിച്ച് നൽകാൻ അവശേഷിക്കുന്ന വിനോദനികുതിയിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3).2016-17 വർഷത്തിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുവെങ്കിലും ആരും പങ്കെടുക്കാത്തതിനാലാണ് നഗരസഭ നേരിട്ട് പരസ്യനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതെന്ന് നഗരസഭയുടെ അംഗീകരിക്കുന്നു. എന്നാൽ ഈ കാലയളവിൽ ഈടാക്കിയ പരസ്യനികുതി തുകയിൽ നിന്നും നഗരസഭ സ്വീകരിച്ച നടപടി കർശനമായിരുന്നില്ല എന്ന് വ്യക്തമാണ്. സമീപ നഗരസഭകളിൽ 50,000/- രൂപക്ക് മുകളിൽ ഈയിനത്തിൽ വരവുള്ളതും നഗരസഭ പ്രദേശത്ത് പരസ്യനികുതി ഈടാക്കാതെ കൂറ്റൻ പോസ്റ്ററുകൾ നിലനിൽക്കുന്നതും ഇതിന് ദൃഷ്ടാന്തമാണ്. നഗരസഭ പ്രദേശത്ത് പ്രദർശിപ്പിച്ചിരിക്കുന്ന മുഴുവൻ പരസ്യങ്ങളുടേയും വിവരങ്ങൾ ശേഖരിക്കേണ്ടതും പരസ്യനികുതി അടവാക്കാത്തവരുടെ സംഗതിയിൽ ആയത് പിഴപ്പലിശ സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 2-19 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല – നഗരസഭക്ക് 35000 /- രൂപ നഷ്ടം.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (2) ൽ ക്രമ നമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1250/- രൂപ വീതം ഈടാക്കേണ്ടതാണ്. എന്നാൽ 2016-17വർഷം നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതും നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. 1. 1.

| ക്രമ | കരാറുകാരന്റെ പേര് | ഈടാക്കേണ്ട നികുതി ( 2015-16,2016-17 |
|---|---|---|

| നമ്പർ | | വർഷങ്ങളിലെ രണ്ട് അർദ്ധവർഷങ്ങൾക്കായി ) |
|---|---|---|
| 1 | ശ്രീ.അബ്ദുൾ റഷീദ് | 5000 |
| 2 | ശ്രീ.അനീസുദ്ദീൻ | 5000 |
| 3 | ശ്രീ. സി.ഡി.വർഗീസ് | 5000 |
| 4 | ശ്രീ. ജംഷാദ് | 5000 |
| 5 | ശ്രീ. സാജു ജോസഫ് | 5000 |
| 6 | ശ്രീ.സുധീർ .കെ | 5000 |
| 7 | ശ്രീ.ഫെനിൽ കെ ജോസ് | 2500 (2016-17 വർഷത്തെ രണ്ട് അർദ്ധവർഷങ്ങൾക്കായി ) |
| 8 | ശ്രീ. പ്രസാദ്.ഇ | 2500 (2016-17 വർഷത്തെ രണ്ട് അർദ്ധവർഷങ്ങൾക്കായി ) |
| | ആകെ | 35000 |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (14/25.10.17) ക്ക് 2015-16, 2016-17 വർഷങ്ങളിൽ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടായിരുന്നില്ലെന്നും 2017-18 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയവരിൽ നിന്ന് മാത്രം നികുതി, കുടിശ്ശിക അടക്കം ഈടാക്കുകയാണ് ചെയ്തതെന്നും മുകളിൽ പരാമർശിച്ച കരാറുകാർ 2017-18 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ ഇവരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ലെന്നും അറിയിച്ചു. തൊഴിൽ നികുതി പിഴ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-20 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല.

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ (എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിലും, വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. 01.04.2013 മുതൽ ഈടാക്കേണ്ട പുതുക്കിയ വസ്തു നികുതി ഓഡിറ്റ് വർഷത്തിലും ഈടാക്കാഞ്ഞത് മൂലം കാലാഹരണപ്പെട്ട് പോകാനുള്ള സാധ്യതയുണ്ട്. വസ്തുനികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തീകരിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം.

| പ്രോജക്ട് നം /പേര് | അടങ്കൽ /ചെലവ് | ബിൽനം/തീ | ഏജൻസി | നിർവ്വഹണം |
|---|---|---|---|---|
| 278/17എസ്.എസ്.എ | 1500000/1500000 | 1/16-17 /30.1.17 | എസ്.എസ്.എ | ഹെഡ് മാസ്റ്റർ |
| 419/17 തെരുവ് | 160435/160435 | 43/16-17 | കെ.എസ്.ഇ.ബി | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| വിളക്ക് | | /29.3.17 | | |
| 424/17 പൈപ്പ് ലൈൻ | 560000/560000 | 39/16/30.3.17 | വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 447/17പൈപ്പ് ലൈൻ | 138168/138168 | 44/16/30.3.17 | വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 465/17 പൈപ്പ് ലൈൻ | 50000/50000 | 46/16/30.3.17 | വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 422/17ലൈൻ നീട്ടൽ | 535053/535053 | 9/16-/27.2.17 | കെ.എസ്.ഇ.ബി | മുനി.എൻജിനിയർ |

(സർക്കാർ ജി.ഒ (ആർ.ടി )1372/2013/ത.സ്വ.ഭ.വ /25.5.203 പ്രകാരം ഡെപ്പോസിററ് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെൻെറ് വെച്ച് മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ ). ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 60 ദിവസത്തിനകം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അതുവരെയും ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരാമർശിത സമയത്തിനുള്ളിൽ ഹാജരാക്കുന്നതിൽ വീഴ്ചയുണ്ടായാൽ ചെലവുതുക നിരാകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-2 ഓണം അഡ്വാൻസ് ക്രമീകരിച്ചില്ല.

വൗച്ചർ നമ്പർ 21600500/3.9.16 പ്രകാരം ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസിൽ ശ്രീ. മുഹമ്മദലി അഷ്റഫ് (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1) കൈപറ്റിയ 15000 രൂപ ക്രമീകരിച്ചതായി കാണുന്നില്ല. 2016 ഒക്ടോബർ മുതലുള്ള 5 മാസങ്ങളിലെ ശമ്പള ബില്ലിൽനിന്നും ഈടാക്കേണ്ട ഓണം അഡ്വാൻസ് ഇതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം എന്താണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/25.10.17-ന്ന മറുപടി ലഭിച്ചിട്ടില്ല. തുക ബാധകമായ നിയമങ്ങൾ പ്രകാരമുള്ള പലിശ സഹിതം തിരിച്ചീടാക്കേണ്ടതാണ്.

## 3-3 മുനിസിപ്പൽ പെൻഷൻ ഫണ്ട് കണക്കിലെ അപാകത.

സർവ്വീസ് പെൻഷൻ നൽകുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി 2014-15,2015-16,2016-17വർഷങ്ങളിൽ തനത്ഫണ്ടിൽ നിന്നും പണം ചെലവഴിച്ചിട്ടുണ്ട്. Pension and Gratuity Payable (350110500) എന്ന ഹെഡിനെ ഡെബിറ്റ് ചെയ്തുകൊണ്ടാണ് ഈ ചെലവ് രേഖപ്പെടുത്തുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും 2015 നവമ്പറിൽ ലഭിച്ച 422528 രൂപ ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 2015 നവംബർ വരെ ഈ ഹെഡിൽ ചെലവഴിച്ച 569943 രൂപ other receivables (current) (431409901) എന്ന ഹെഡിനെ ഡെബിറ്റ് ചെയ്തു മാറ്റിയതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും മുനിസിപ്പാലിറ്റിക്കു ലഭിക്കാനുള്ള തുകയുടെ കൃത്യകണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. 2016-17 ബാലൻസ് ഷീറ്റിലെ ബി-9 പത്രിക പ്രകാരം 280198 രൂപ മുനിസിപ്പാലിറ്റിക്കു Pension and Gratuity Payableഹെഡിൽ ബാധ്യതയാണുള്ളത്. യഥാർത്ഥത്തിൽ 31.3.2017 -ന്ന താഴെ പട്ടികയിൽ ചേർത്ത പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും മുനിസിപ്പാലിറ്റിക്കു 289745 രൂപ ലഭിക്കാനാണുള്ളത്.

| | |
|---|---|
| 2015 നവംബർ വരെ ഈ ഹെഡിൽ ചെലവഴിച്ച് other receivables (current)ഹെഡിനെ ഡബിറ്റ് ചെയ്തു മാറ്റിയ തുക | 569943 |
| 1.11.2015 മുതൽ 31.3.16 വരെ ചെലവ്. | 33230 |
| 2016-17 ലെ ചെലവ് | 109100 |
| നാളിത് വരെ ചെലവ് | 712273 |
| സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നാളിത് വരെ ലഭിച്ച തുക | 422528 |

| ലഭിക്കാനാണുള്ള തുക | 289745 |
|---|---|

## 3-4 തെരുവു നായ നിയന്ത്രണ പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമല്ല.

പ്രൊ. നം.416/2017 : ABC പ്രോഗ്രാം

ബിൽ നം 09001157/30-3-17 Rs. 1,00,000

ഈ ബിൽ പ്രകാരം പിൻവലിച്ച 1,00,000 രൂപ, പ്രൊജക്ടു പ്രകാരം മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള 799011400000305 എന്ന ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24-1-17ലെ P4-3632/16 നം. കത്തു പ്രകാരമുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്.

പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1) തുക കൈപ്പറ്റിയതിനു രസീതി ലഭ്യമല്ല.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

3) ജില്ലാ പഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട സംയുക്ത പ്രൊജക്ടിന്റെ വിവരം ലഭ്യമല്ല.

4) ജില്ലാ പഞ്ചായത്തിനു വേണ്ടിയുള്ള തുക നിർവഹണ ഉദ്യോഗസ്ഥന്റെ പ്രത്യേക അക്കൌണ്ടിലേക്ക് മാറ്റിയതു ക്രമപ്രകാരമല്ല. ആയതു ജില്ലാ പഞ്ചായത്തിന്റെ സാംഖ്യയിൽ തയ്യാറാക്കുന്ന വാർഷികക്കണക്കിൽ ഉൾപ്പെടുത്തേണ്ടതും, ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കേണ്ടതുമായതിനാൽ, ജില്ലാ പഞ്ചായത്തിനു കൈമാറേണ്ടതായിരുന്നു.

5) ABC പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, കേന്ദ്ര സർക്കാരിന്റെ Animal Birth Control (Dogs) Rules 2001-ലെ ചട്ടം 4 പ്രകാരം രൂപീകരിക്കേണ്ട കമ്മറ്റി രൂപീകരിച്ചിട്ടില്ല. 28-3-17 ന് 9.30 മുതൽ 1 മണി വരെ നഗരസഭാ കൗൺസിൽ ഹാളിൽ വച്ച് ABC പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്യാമ്പ് നടത്തുന്നതായ നോട്ടീസ് നഗരസഭാ ഭിത്തിയിൽ പതിച്ചിട്ടുണ്ട്. അതു പോലെ, കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പ് 437 പ്രകാരം യാതൊരാളും സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയു, പേപ്പട്ടി വിഷത്തിനെതിരെ തന്റെ നായയെ കുത്തിവയ്പ്പിക്കാതെയും ഏതെങ്കിലും നായയെ വളർത്താൻ പാടുള്ളതല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. ധാരാളം നായകളെ കുത്തിവയ്പ്പ് നടത്തുന്നതായി വെറ്ററിനറി സർജൻ അറിയിക്കുകയുണ്ടായി. എന്നാൽ നഗരസഭയ്ക്ക് ഈ വിവരം കൈമാറുന്നില്ലെന്നു നഗരസഭയുടെ വാർഷികക്കണക്കിൽ ഇത്തരത്തിലുള്ള യാതൊരു വരവും രേഖപ്പെടുത്താത്തതിൽ നിന്നും വ്യക്തമാകുന്നു. പരസ്പര ബന്ധിതമായും നിയമാനുസൃതമായ ചുമതലാ ബോധത്തോടെയുമല്ല നിർവഹണ ഉദ്യോഗസ്ഥനും നഗരസഭയും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതെന്നു ഇതു വ്യക്തമാക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/28.10.2017) മറുപടി ഹാജരാക്കിയിട്ടില്ല. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 60ദിവസത്തിനുള്ളിൽ മറുപടി ഹാജരാക്കുന്നതോടൊപ്പം തന്നെ വിനിയോഗ സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്. ചെലവു തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ ചെലവു തുക നിരാകരിച്ച് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-5 ആയുർവ്വേദ ആശുപത്രി: പദ്ധതി നിർവഹണം- അപാകതകൾ

| ബിൽ നം | തുക | പ്രൊജക്ട് നം./പേര് |
|---|---|---|
| ബിൽ നം.2/2016-17 / | Rs. 2,50,000 | 255/17 കിടപ്പിലായ രോഗികൾക്ക് ഹോം കെയർ വഴി ആയുർവ്വേദ മരുന്നു ലഭ്യമാക്കൽ |

| | | |
|---|---|---|
| 18-11-16 | | |
| ബിൽ നം.3/2016-17 / 23-12-16 | Rs. 8,50,000 | 254/17 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| ബിൽ നം.4/2016-17 / 28-3-17 | Rs. 9,43,441 | 421/17 വനിതകൾക്ക് ഉണ്ടാകുന്ന വിളർച്ചയും അനുബന്ധ രോഗികൾക്കും ആയുർവ്വേദ മരുന്നു വിതരണം |
| | Rs. 20,43,441 | |

അപാകതകൾ

1.പ്രൊജക്റ്റ് നം.255/17

(എ). ഓഡിറ്റ് കാലയളവിലും ധാരാളം മരുന്നുകൾ ബാക്കി നിൽക്കുന്നതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കാണുന്നു. മരുന്നുകൾ വാങ്ങുന്നതിന് കണക്ക് (ഇൻഡന്റ്) തയ്യാറാക്കിയതിന്റെ യാതൊരു രേഖയും ഇല്ല. അതു പോലെ , ഹോം കെയർ രജിസ്റ്ററിൽ മരുന്നു വിതരണം/ ആവശ്യകത സംബന്ധിച്ച യാതൊരു വിവരവും ചേർത്തിട്ടുമില്ല. ആവശ്യകതയ്ക്കനുസരിച്ചാണോ മരുന്നു വാങ്ങിയതെന്നു പരിശോധിക്കാൻ സാധ്യമായിട്ടില്ല.

(ബി).ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തത് പ്രത്യേകമായ ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ ലഭ്യതാ രഹിത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, വാങ്ങുന്ന മരുന്നുകൾ വേറിട്ടു സ്റ്റോക്കിലെടുക്കാതെ, മെയിൻ സ്റ്റോക്കിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. പ്രത്യേകമായ വിതരണ രജിസ്റ്റർ വഴി പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള ലഭ്യത ഉറപ്പാക്കുകയും, കാലാവധി തീരുകയോ ലഭ്യത കുറയുകയോ ചെയ്യുമ്പോൾ മറ്റു പദ്ധതികളിലേക്കോ, ഡിസ്പെൻസറിയിലേക്കോ കൈമാറി/ ക്രമീകരിക്കാൻ ഇത്തരത്തിൽ കഴിയുന്നതാണ്.

അപാകതകൾ പരിഹരിക്കുകയും, മരുന്നുകൾ പൂർണമായും വിതരണം നടത്തിയ വിവരവും ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

2.പ്രൊജക്റ്റ് നം.254/17

(എ).ഈ പ്രൊജക്റ്റ് പ്രകാരം ഔഷധിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 8,50,000 മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് തിയ്യതി വരെ ഗഡുക്കളായി 8,46,768 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 3,232രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. ലഭിച്ച മരുന്നുകൾ എല്ലാം വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്നു.

ഗഡുക്കളായി മരുന്നുകൾ ലഭിക്കുന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതും, 3,232 രൂപയുടെ മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ബി).മുഴുവൻ മരുന്നുകളും ലഭിക്കുന്നതിനു മുമ്പേ, വിനിയോഗ സാക്ഷ്യപത്രത്തിൽ തുക മുഴുവനായും

വിനിയോഗിച്ച എന്ന കാണിച്ചതും ക്രമത്തിലല്ല. പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില നഗരസഭയെ അറിയിക്കേണ്ടതും, നഗരസഭ ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

3.പ്രൊജക്റ്റ് നം.421/17

(എ).ഈ പ്രൊജക്റ്റ് പ്രകാരം ഔഷധിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി 9,43,441 മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല. മുൻകൂർ ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

(ബി).വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഈ പ്രൊജക്റ്റിനായി ജില്ലാ വനിതാ വികസനം ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണെന്ന GO (MS) 4/2016/LSGD/11-1-16ന്റെ ഖണ്ഡിക 14.1.(v)-ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ച സാക്ഷ്യപത്രം ADC(GL) ഓഫീസിലെ ജില്ലാ വനിതാ ക്ഷേമ ഓഫീസറുടേതാണെന്ന കാണുന്നു. ടി സാക്ഷ്യപത്രത്തിൽ യാതൊരു റഫറൻസ് നമ്പരോ, തിയ്യതിയോ, ഉദ്യോഗസ്ഥയുടെ പേരോ ഇല്ലാത്തതിനാൽ ആധികാരികത വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി 36/26.10.17 ന് ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ അപാകതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ.

പ്രൊ. നം.267/2017 : കന്നുകുട്ടി പരിപാലനം

ബിൽ നം.09001109/28-2-17 Rs. 3,12,500

ഇൻഷ്വർ ചെയ്ത 50 കന്നുകുട്ടികൾക്ക് പദ്ധതിയുടെ നഗരസഭാ വിഹിതം (@ 6250) ജില്ലാ മൃഗ സംരക്ഷണ ഓഫീസറായ ഡെപ്യൂട്ടി ഡയരക്ടർക്ക് നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1).തുക കൈപ്പറ്റിയതിനു നിയമാനുസൃത രസീതിയോ, ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. യാതൊരു നമ്പരും രേഖപ്പെടുത്താത്ത, വെള്ളക്കടലാസിലുള്ള ഒരു കൈപ്പറ്റ ശീട്ടാണ് DD(AH) നല്കിയിട്ടുള്ളത്. സർക്കാർ ഓഫീസുകളിൽ പണം കൈപ്പറ്റിയതിനു TR5രസീതിയാണ് നല്കേണ്ടത്. ഇത്തരം രസീതി ലഭ്യമാക്കാത്തതിനാൽ ഈ തുക യഥാവിധി കണക്കിലെടുത്തിട്ടുണ്ടോ എന്ന വ്യക്തമല്ല. നിയമാനുസൃത രസീതിയും വിനിയോഗ പത്രവും ഹാജരാക്കേണ്ടതാണ്.

2).GO (MS)11/2001/AHD/20-1-2001 പ്രകാരം പ്രാരംഭം കുറിച്ച പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ജി.ഒ.(എം.എസ്) 183/2007/തസ്വഭവ. തി.24-7-2007 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ അടിസ്ഥാനത്തിലുള്ള ഭേദഗതിയിൽ, ഈ പദ്ധതിയ്ക്കുള്ള സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നല്കേണ്ടതും, അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനു ശേഷമാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതെന്നും തുടർന്ന് നിർദേശമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊജക്റ്റിൽ വകയിരുത്തിയ മൊത്തം തുക മുൻകൂറായി പിൻവലിച്ചതും, ഈ പദ്ധതിയുടെ നിർവഹണത്തിലെ ഒരംഗമല്ലാത്ത ഡെപ്യൂട്ടി ഡയരക്ടർക്ക് കൈമാറിയതും ക്രമത്തിലല്ല. 36 മാസത്തേക്കുള്ള (3 വർഷം) ആകെ വിഹിതം മുൻകൂറായി നല്കിയിരിക്കുകയാണ്. പദ്ധതി നിർവഹണത്തിൽ ബിൽ സമ്പ്രദായം നടപ്പാക്കിയ GO(P) No.177/2006/Fin. Dt. 12-4-16, കാലാകാലങ്ങളിലെ പദ്ധതി മാർഗരേഖകൾ എന്നിവ പ്രകാരം മുൻകൂറായി പണം പിൻവലിക്കാൻ അനുവാദമുള്ളവയിൽ ഈ പദ്ധതി ഉൾപെടുന്നില്ല. GO(MS) 4/2016/LSGD/11-1-16 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 11.2.(viii) യിൽ ഈ പദ്ധതിക്കായി തുടർ വർഷങ്ങളിൽ തുക വകയിരുത്തണമെന്ന നിർദേശമുള്ളത് ഇതു കാരണമാണ്.

28-2-17 ന് തുക പിൻവലിക്കുകയുണ്ടായെങ്കിലും പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം

ആരംഭിക്കുന്നത് 12-7-17 മുതലാണെന്ന് വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചപ്പോൾ കാണുന്നു.

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3).36 മാസം കൊണ്ട് തീരേണ്ട ഈ പദ്ധതി ഉദ്ദേശിച്ച പ്രകാരം വിജയിക്കുകയാണെങ്കിൽ മുൻകൂറായി നല്കിയ മുഴുവൻ തുകയും ചെലവാകില്ല. ഈ പദ്ധതി പ്രകാരവും, മുൻവർഷങ്ങളിൽ നടപ്പാക്കിയ ഇത്തരം പദ്ധതികൾ വഴിയും ബാക്കി വരുന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് നൽകിയ 40/28.10.2017-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. അതുവരെ 3,12,500 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വെറ്ററിനറി മരുന്നു വാങ്ങൽ- അപാകതകൾ.

1). പ്രൊ. നം.270/2017 : മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (മഴക്കാല രോഗങ്ങൾ).

ബിൽ നം 09001108/28-2-17 Rs. 80,000

2). പ്രൊ. നം.271/2017 : മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (വേനൽക്കാല രോഗങ്ങൾ).

ബിൽ നം 09001166/30-3-17 Rs. 60,000

മൃഗാശുപത്രിക്ക് ഒരേ ഇനം മരുന്നുകൾ വാങ്ങുന്നതിനായി മഴക്കാല രോഗങ്ങൾക്ക്, വേനൽക്കാല രോഗങ്ങൾക്ക് എന്നിങ്ങനെ തരം തിരിച്ച് രണ്ട് പ്രൊജക്ടായി നടപ്പിലാക്കിയത് ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനാണ് എന്ന് വ്യക്തമാണ്. രണ്ട് പ്രൊജക്ടുകളിലെയും മരുന്നുകൾ വാങ്ങുന്നത് ഒരേ കാലയളവിലാണ്. (യഥാക്രമം 15.02.2017, 16.03.2017 തിയ്യതികളിൽ). ദിവസങ്ങളുടെ വ്യത്യാസത്തിൽ ലഭ്യമാക്കിയ ഒരേ ഇനം മരുന്നുകൾക്ക് വ്യത്യസ്ത വിലയാണ് ഈടാക്കിയിട്ടുള്ളത്.ഈയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് വിശദീകരിക്കേണ്ടതാണ്.

ഓരോ വർഷത്തേക്കും വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്ററുകൾ ഉപയോഗിക്കുന്നത് ക്രമത്തിലല്ല. (പ്രത്യേക ഉത്തരവ് പ്രകാരം വേറിട്ട് സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ ടി ഉത്തരവ് സഹിതം പ്രത്യേകം സൂക്ഷിക്കാം) PATENT DRUG Register ൽ വോള്യം 4 ൽ പേജ് 94 ൽ രേഖപ്പെടുത്തിയ Strepto Pencillin എന്ന മരുന്നിന്റെ കാലാവധി 12/17 ൽ അവസാനിക്കുന്നു. ഈ മരുന്ന് അവസാനം വിതരണം ചെയ്തത് 17.02.2017 നാണ്. ടി തിയ്യതിയിലെ ബാക്കി 20 എണ്ണമാണ് (ലഭിച്ചതിൽ പകുതി). പേജ് 93 പ്രകാരം ഉള്ള Neuroxin Inj എന്ന മരുന്ന് 02/17 ൽ കാലാവധി തീരുന്നു. 05/16 ൽ 300 ml കിട്ടിയതിൽ, അവസാനം വിതരണം ചെയ്ത 8.06.2016 ന് 270 ml ബാക്കി കാണുന്നു. ഈ ബില്ലുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ വോള്യം 8 ൽ സ്റ്റോക്കിലെടുത്തെങ്കിലും ഇൻവോയ്സ് നമ്പർ, കാലാഹരണ തിയ്യതി എന്നിവ ചേർത്തിട്ടില്ല. ആയവ ചേർക്കേണ്ടതാണ്. മരുന്നുകൾ വാങ്ങാൻ DD (AH) ൽ നിന്നും ലഭ്യമാക്കിയ NAC യിൽ യാതൊരു റഫറൻസ് നമ്പറും തിയ്യതിയും ഇല്ലാത്തതും ദുരൂഹമാണ്.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ന്1,40,000 തടസ്സം ചെയ്യുന്നു...

(ഓഡിറ്റ് എൻക്വയറി നം. 42/28.10.17-ന് മറുപടി ലഭിച്ചിട്ടില്ല.)

## 3-8 പാൽ സംരംഭവും സബ്സിഡിയും- അപാകതകൾ.

1)പ്രൊ. നം.273/17 : നേച്ചർ ഫ്രഷ് മിൽക്ക് ഡയറി യൂണിറ്റ്സ്

ബിൽ നം 09001167/30-3-17 Rs. 1,95,000

നേച്ചർ ഫ്രഷ് മിൽക്ക് ഡയറി യൂണിറ്റ്സ് എന്ന പദ്ധതി പ്രകാരം പുലരി, പൊൻപുലരി, കൊച്ചുതുളസി

എന്നിങ്ങനെ 3 പാൽ ഉത്പാദന വിതരണ യൂണിറ്റുകൾ തുടങ്ങുന്നതിനായി ബാങ്ക് വായ്പ ഉൾപ്പെടുത്തി സബ്സിഡി ബാങ്കിനു നല്കിയിട്ടുണ്ട്. നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അമൃത നേച്ചർ ഫ്രഷ് മിൽക്ക് എന്ന സംരംഭത്തിന്റെ ചുവടു പിടിച്ചുള്ള ഈ പദ്ധതി വളരെ നല്ല പദ്ധതിയാണെങ്കിലും, നിയമ പരമായ പല നടപടി ക്രമങ്ങളും ഇതിൽ പാലിച്ചു കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 444 മുതൽ 446 വരെയുള്ള വകുപ്പുകൾ പ്രകാരം പശുത്തൊഴുത്തടക്കമുള്ള മൃഗങ്ങളെ വളർത്തുന്ന ഷെഡുകൾക്ക് നഗരസഭയിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് നേടിയിരിക്കണം. കൂടാതെ വകുപ്പ് 456 പ്രകാരം പാൽ വിൽപനക്കും നിയമാനുസൃതമായ ലൈസൻസ് നേടിയിരിക്കണം. എന്നാൽ ഈ പ്രൊജക്ട് പ്രകാരം പുതുതായി രൂപീകരിച്ചവയ്ക്കോ, നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവയ്ക്കോ ഇത്തരം ലൈസൻസുകൾ ഇല്ല. കൂടാതെ, ഈ കൂട്ടായ്മക്ക് ക്ഷീര വകുപ്പിന്റെയോ, സഹകരണ വകുപ്പിന്റെയോ, കുടുംബശ്രീയുടെയോ യാതൊരു വിധ രജിസ്ട്രേഷനോ മറ്റു നിയമാനുസൃതമായ ചട്ടക്കൂടുകളോ ഇല്ല. ഇത്തരം സാഹചര്യത്തിൽ ഇവർക്ക് ലഭ്യമാകാവുന്ന പല വികസന സഹായങ്ങളും മറ്റു ആനുകൂല്യങ്ങളും ലഭിക്കാതിരിക്കുകയും നിയമ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യാനിടയുണ്ട്. (താഴെ പരാമർശം കാണുക). GO(MS) 4/2016/LSGD/11-1-16 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 11.2.(iv)-ലും അനുബന്ധം 15 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 3.2.8 ലും ക്ഷീരസംഘങ്ങളും പാൽശേഖരണ സംവിധാനങ്ങളുമില്ലാത്ത സ്ഥലങ്ങളിൽ അതുണ്ടാക്കാൻ വേണ്ട ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ടി ഖണ്ഡികയുടെ അടിക്കുറിപ്പ് നം. 6 ആയി, ക്ഷീരസംഘങ്ങൾ എന്നാൽ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളും ഡയറി ഡവലപ്മെന്റ് വകുപ്പ് അംഗീകരിച്ച സംഘങ്ങളുമാണെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

പദ്ധതികൾ നടപ്പാക്കുന്നതിന്റെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നഗരസഭയും നിർവഹണ ഉദ്യോഗസ്ഥനും കാണിക്കുന്ന അനാസ്ഥയാണിതിൽ പ്രതിഫലിക്കുന്നത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

2)പ്രൊ. നം.268/17 : ക്ഷീരകർഷകർക്ക് ഉത്പാദന ബോണസ്/ കാലിത്തീറ്റ സബ്സിഡി

ബിൽ നം 09001163/30-3-17 Rs. 10,32,165

ഈ പദ്ധതി പ്രകാരം വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നവർക്കും, നഗരസഭയിൽ നിലവിലുള്ള അമൃത നേച്ചർ ഫ്രഷ് മിൽക്ക് എന്ന സംരംഭത്തിൽ പാൽ നൽകുന്നവർക്കുമടക്കം ആകെ 206 പേർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ അമൃത നേച്ചർ ഫ്രഷ് മിൽക്ക് എന്ന സംരംഭം ക്ഷീരസംഘമായി അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു (മുകളിലെ പരാമർശം കാണുക).

വ്യത്യസ്ത ക്ഷീര സംഘങ്ങൾക്കും അമൃത നേച്ചർ ഫ്രഷ് മിൽക്കിനും നൽകിയ സബ്സിഡിയുടെ വേറിട്ട കണക്കുകൾ ഫയലിൽ ലഭ്യമല്ല. ആകെ ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് ഫയലിലുള്ളത്. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് നൽകിയ സബ്സിഡിയുടേയും അമൃത നേച്ചർ ഫ്രഷ് മിൽക്കിൽ പാൽ നൽകുന്നവർക്ക് നൽകിയ സബ്സിഡിയുടേയും കണക്ക് പ്രത്യേകം ലഭ്യമാക്കേണ്ടതും, അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ പാൽ നൽകിയവർക്ക് സബ്സിഡി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 12,27,165 തടസ്സം ചെയ്യുന്നു. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഓഡിറ്റ് എൻക്വയറി നം41/28.10.17-ന് മറുപടി ലഭിച്ചിട്ടില്ല.)

## 3-9 പരിരക്ഷാ പദ്ധതി :നിർവഹണത്തിലെ അപാകതകൾ

പ്രൊ. നം.269/2017 : പരിരക്ഷാ പദ്ധതി

അടങ്കൽ : 4,75,000

ചെലവ് : 4,75,000

ഈ പദ്ധതിയിലെ ആകെ ചെലവുകൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വാഹന വാടക | 1,86,859 |
| ഭക്ഷണം (റിവ്യൂ) | 12,050 |
| ഭക്ഷണം (ഹോം കെയർ) | 37,551 |
| പ്രിന്റിംഗ് | 9,725 |
| സ്റ്റേഷനറി | 1,660 |
| രജിസ്റ്ററുകൾ വാങ്ങിയത് | 20,615 |
| മരുന്നുകൾ | 1,09,190 |
| ഉപകരണങ്ങൾ | 97,350 |
| *ആകെ* | *4,75,000* |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1).പദ്ധതിക്കായി വാങ്ങിയ മരുന്നുകൾ, ഉപകരണങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി, അച്ചടിച്ച വസ്തുക്കൾ എന്നിവയെല്ലാം 'Palliative And Pariraksha Stock Register' എന്ന ഒരു രജിസ്റ്ററിൽ, ഒരു ബില്ലിൽ വാങ്ങുന്ന ഇനങ്ങളെല്ലാം ഒരു പേജിൽ തുടർച്ചയായി രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിരിക്കുകയാണ്. ' ഒ.പി.യിലേക്ക് നല്കി', 'പരിരക്ഷയ്ക്കു നല്കി ' എന്നിങ്ങനെ രേഖപ്പെടുത്തി ഇഷ്യൂ കാണിക്കുകയും ചെയ്യുന്നു. മിക്ക സന്ദർഭങ്ങളിലും ആരു കൈപ്പറ്റിയെന്നു വ്യക്തമാക്കുന്ന പേര്, തസ്തിക, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗിക്കുന്ന അച്ചടിച്ച രജിസ്റ്ററിൽ, എന്തെല്ലാം വിവരങ്ങൾ ചേർക്കണമെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും, ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ, ഈ വാങ്ങലുകൾ ആവശ്യമായിരുന്നുവോ എന്നു സംശയാസ്പദമാണ്. (രജിസ്റ്ററുകൾ വലിയ അളവിൽ വാങ്ങിയത് ഉദാഹരണം). രജിസ്റ്ററിൽ വാർഷിക ഭൗതിക പരിശോധനയും രേഖപ്പെടുത്തിയിട്ടില്ല.

ഈ നടപടി സ്റ്റോർ പർചേസ് ചട്ടങ്ങൾക്കു വിരുദ്ധമായതിനാൽ, നിയമാനുസൃതം സ്റ്റോക്കും ഇഷ്യൂവും രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

2).ഈ പദ്ധതിക്കായി തുക പിൻവലിച്ച ബിൽ നം. 5/16-17/30-3-17 Rs. 2,82,294 -ലെ സബ് വൗച്ചർ 47 &48 പ്രകാരം 1,09,190 രൂപയ്ക്ക് കാരുണ്യ ഹോസ്പിറ്റൽ കമ്യൂണിറ്റി ഫാർമസി (സർക്കാർ സ്ഥാപനം) THQ ഹോസ്പിറ്റൽ നിലമ്പൂരിൽ നിന്ന് താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ബിൽ നം. | തിയ്യതി | വാങ്ങിയ മരുന്നുകളുടെ എണ്ണം | ആകെ തുക | കുറിയർ ചാർജ് |
|---|---|---|---|---|
| 115706 | 24-3-17 | 21 | 48,359 | 948 |
| 115742 | 24-3-17 | 27 | 60,831 | 1193 |
| | | ആകെ | 1,09,190 | 2141 |

ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ മരുന്നിന് കൊരിയർ ചാർജ് (കടത്തു കൂലി) അനുവദിച്ചത് ക്രമത്തിലല്ല. ഇപ്രകാരം അർഹതയില്ലാത്ത തുക കൈപ്പറ്റിയ സ്ഥാപനം അതെങ്ങനെ ക്രമീകരിച്ചുവെന്നും ഫയലിൽ വ്യക്തമല്ല. ഇത്തരത്തിൽ ബില്ലിൽ സംഭവിച്ച അപാകത പരിശോധിക്കാതെ തുക നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2,141 രൂപ തിരിച്ചീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് 37/27.10.2017ന് മറുപടി ലഭിച്ചിട്ടില്ല.)

## **3-10** പട്ടിക വർഗ പദ്ധതി :നിർവഹണത്തിലെ അപാകതകൾ

പ്രൊ.നം. 401/2017: പട്ടികവർഗ വിദ്യാർഥികൾക്ക് സൈക്കിളും പഠനോപകരണങ്ങളും നല്കൽ

ബിൽ നം. 1/16-17/ 30-3-17 Rs. 2,24,000

ബിൽ പ്രകാരം സ്റ്റഡി ടേബിൾ, കസേര എന്നിവ 10 വീതവും, 40 സൈക്കിളുകളും വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം സ്ഥാപനങ്ങൾക്ക് നല്കാനായി പിൻവലിച്ചതായി അനുമതി പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1 | ഷാജഹാൻ ടിമ്പേഴ്സ് & ഫർണിച്ചർ, എടവണ്ണ. | 40,000 |
| 2 | പ്രിയ സൈക്കിൾ മാർട്ട്, നിലമ്പൂർ. | 1,84,000 |
| | ആകെ | 2,24,000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) തുക പിൻവലിച്ചതിന് ആധാരമായ പർചേസ് ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

2) സ്റ്റോക്ക് വിവരം ലഭ്യമല്ല.

3) തുക സ്ഥാപനങ്ങൾ കൈപ്പറ്റിയതിന് രസീതി ഇല്ല.

4) ടെണ്ടർ നടത്തിയത് സെക്രട്ടറിയാണെങ്കിലും, കരാർ പത്രങ്ങൾ ഫയലിൽ കാണുന്നുണ്ട്. എന്നാൽ അവ ഒപ്പ് വയ്ക്കാതെയും, വിവരങ്ങൾ പൂരിപ്പിക്കാതെയും അപൂർണമായാണ് കാണുന്നത്.

5) ഗുണഭോക്താക്കളുടെ അപേക്ഷയോ മറ്റു വിവരങ്ങളോ ഫയലിലില്ല. ഗുണഭോക്തൃ പട്ടിക മാത്രമാണുള്ളത്.

6) GO(MS) 4/2016/LSGD/11-1-16 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ അനുബന്ധം 15-ന്റെ ഖണ്ഡിക 6.8.4 &5 എന്നിവ പ്രകാരം ഫർണിച്ചറും സൈക്കിളും വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. എന്നാൽ ഈ പദ്ധതിയിൽ അപ്രകാരം ചെയ്തിട്ടില്ല. ആകെ ലഭ്യമായത്, ഒരു നോട്ട് പുസ്തകത്തിൽ 40+10=50 കുട്ടികളുടെ പേര്, അച്ഛന്റെ പേര്, ലിംഗം, ജാതി, ക്ലാസ്, വിലാസം, സ്കൂൾ, ഒപ്പ് എന്നിവ രേഖപ്പെടുത്തിയതാണ്. നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ഈ രജിസ്റ്ററും കാഷ് ബുക്കും 2016-17 ലെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയതായതിനാൽ, ഈ ഗുണഭോക്താക്കൾക്ക് മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാൻ നിർവാഹമില്ല. വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെ മറ്റു സ്രോതസ്സുകളിൽ നിന്നും ആനുകൂല്യം കിട്ടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിലില്ല. രജിസ്റ്ററുകൾ ഓരോ വർഷത്തേക്കുമായി തയ്യാറാക്കുന്ന നടപടി ക്രമത്തിലല്ല. ഇവ തുടർച്ചയായി ഉപയോഗിക്കുകയും, പേജുകൾ തീരുമ്പോൾ അടുത്ത വോള്യം ഉപയോഗിക്കുകയുമാണ് ചെയ്യേണ്ടത്.

ഈ പദ്ധതി നടപ്പിലാക്കി എന്നു സ്ഥാപിക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ലാത്തതിനാലും ആയത് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി 38/28.10.17മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാലും ചെലവു തുക 2,24,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-11 <u>പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ</u>

2016-17 വർഷത്തിൽ നഗരസഭ കരാറിലേർപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ എഗ്രിമെന്റ് വെച്ച പ്രവൃത്തികളുടെ എണ്ണം | 124 |
| ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | 77 |
| ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | 15 |

| | |
|---|---|
| ഉണ. സമിതി മുഖേന ചെയ്ത പ്രവൃത്തികളുടെ എണ്ണം | 32 |

ടെണ്ടർ ചെയ്ത പ്രവർത്തികളിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം , ക്വോട്ട് ചെയ്ത നിരക്ക് എന്നിവയുടെ വിവരം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| | | |
|---|---|---|
| രണ്ട് ടെണ്ടർ വീതം ലഭിച്ച പ്രവർത്തികൾ | 20 | ഒന്ന് എസ്റ്റിമേറ്റ് നിരക്കിലും മറ്റൊന്ന് എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കിലും |
| ആരും പങ്കെടുക്കാത്ത ടെണ്ടറുകളുടെ എണ്ണം | 57 | റി.ടെണ്ടർ നടത്തിയതിൽ എസ്റ്റിമേറ്റ് നിരക്കിലുള്ള ഓരോ സിംഗിൾ ടെണ്ടർ വീതം ലഭിച്ചു. |

ഓഡിറ്റ് വർഷം തുക അനുവദിച്ച ഒരു പ്രവ്യൃത്തിയിൽ പോലും (സ്പിൽ ഓവർ ഉൾപ്പെടെ) എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ ഒരു പ്രവൃത്തിയുടെ ബില്ല് അനുവദിച്ചു കാണുന്നില്ല . ടി. വിവരങ്ങളിൽ നിന്നും വർഷങ്ങളായി പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ലെന്ന് വ്യക്തമാകുന്നു. മറിച്ച് ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിച്ചതും ശ്രദ്ധേയമാണ്. സമപ പ്രദേശങ്ങളിലെ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലെല്ലാം കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിക്കുമ്പോൾ നിലമ്പൂർ നഗര നഗരസഭയിൽ മാത്രം കുറഞ്ഞ എണ്ണവും കുറഞ്ഞ നിരക്കും ലഭിക്കാൻ കാരണമെന്തെന്ന് ഭരണ സമിതി അടിയന്തിരമായി ചർച്ച ചെയ്യേണ്ടതും ആയത് പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 3-12 ആശ്രയ പദ്ധതി -വീട്നിർമ്മാണം തുക ചെലവഴിക്കാത്തത് സംബന്ധിച്ച്

| | | | |
|---|---|---|---|
| പ്രോജക്ട് /നം | 11/16ആശ്രയ (വീട് നിർമ്മാണം) | അടങ്കൽ | 1000000 |
| പ്രോജക്ട് /നം | 258/17ആശ്രയ (വീട് നിർമ്മാണം) | അടങ്കൽ | 1000000 |
| ചെലവ് | സെക്രട്ടറി തുക കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് മാറ്റി | ബിൽനം | 22/16-1 /30.3.17<br>13/15-16 /31.3.16 |

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന്ന് പദ്ധതി വിഹിതമായി 2015-16,2016-17 ൽ 10 ലക്ഷം രൂപ വീതം പദ്ധതി വിഹിതമായി നിശ്ചിത അക്കൗണ്ടിലേക്ക് (നം 209801011002012 വിജയബാങ്ക്, നിലമ്പൂർ )ട്രാൻഫർ ചെയ്തിട്ടുണ്ട് (സെക്രട്ടറിയുടെ പ്രത്യേക ഉത്തരവ് നം 28.3.2017 ലെ പി-1/563/2016 പ്രകാരം ).എന്നാൽ ഈ കാലമത്രയും തുക ചെലവഴിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല.പദ്ധതി വിഹിതം ചെലവഴിക്കാതെ സാമ്പത്തിക വർഷത്തിന് ശേഷം അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കണമെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്. തുക ചെലവഴിക്കാത്ത പക്ഷം കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം-46 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 പി.എം.എ.വൈ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച്

| പ്രോജക്ട്/നം | 418/17പി.എം.എ.വൈ | അടങ്കൽ | 21037930 |
|---|---|---|---|
| ചെലവ് | ഇല്ല | ബിൽനം /തുക | 11/16-17/30.3.17-2200000/(cfc)<br>24/16-17/30.3.17-376894/-(cfc)<br>25/16-17/30.3.17-961036/-(plan ) |

പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന്ന് പദ്ധതി വിഹിതമായി 2016-17 ൽ 3537930/- രൂപ പദ്ധതി വിഹിതമായി നിശ്ചിത അക്കൗണ്ടിലേക്ക് (നം 209801011002563 വിജയബാങ്ക്, നിലമ്പൂർ )ട്രാൻഫർ ചെയ്തിട്ടുണ്ട് ( നഗരസഭ സെക്രട്ടറിയുടെ പ്രത്യേക ഉത്തരവ് നം-563/2016 /18.2.17,30.3.2017 30.3.2017 പ്രകാരം ).എന്നാൽ ഈ കാലമത്രയും തുക ചെലവഴിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി വിഹിതം ചെലവഴിക്കാതെ സാമ്പത്തിക വർഷത്തിന് ശേഷം അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കണമെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്. തുക ചെലവവിക്കാനുള്ള നടപടി സ്വീകരിക്കാത്ത പക്ഷം തുക കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ് ഇതു സംബന്ധിച്ച ഓഡിററ് അന്വേഷണത്തിന്ന് (നം-46/28.10.17 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 വീട് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി വീട് നിർമ്മാണം പൂർത്തിയാക്കിയതായി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം 253/17

1.ഗംഗാദേവി ആകെ തുക 150000/- കൈപ്പറ്റിയ തുക - 120000/-

2.ഗിരീഷ് മേളൂർ മഠത്തിൽ ആകെ തുക 150000/- കൈപ്പറ്റിയ തുക - 45000/-

3.മുഹമ്മദ് അഷ്റഫ് ,തളിവാരി ആകെ തുക 150000/- കൈപ്പറ്റിയ തുക - 45000/-

പ്രോജക്ട് നം 257/17

1.സുരേഷ്, മലേരിയൻ ആകെ തുക 150000/- കൈപ്പറ്റിയ തുക 120000/-

വീട് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിററി നെ അറിയിക്കേണ്ടതാണ് .അല്ലാത്ത പക്ഷം തുക തിരിച്ചടക്കാൻ നോട്ടീസ് നൽകേണ്ടതും , സ്വീകരിച്ച നടപടിയുടെ പുരോഗതി ഓഡിറ്റിനെ രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 3-15 കമ്പ്യൂട്ടർ സർവ്വർ വാങ്ങൽ -അപാകതകൾ

| പ്രോജക്ട് നം /പേര് | 451/17 കമ്പ്യൂട്ടർ സർവ്വർ | അടങ്കൽ | 644325 |
|---|---|---|---|
| ബിൽ നം | 45/16-/30.3.17<br>38/16-1/30.3.17 | 589000/-സർവ്വർ<br>-43700/-ബില്ല് ഹാജരാക്കിയിട്ടില്ല | ചെലവ്- 632300 |
| നിർവ്വഹണം | സെക്രട്ടറി | | |

താഴെപ്പറയുന്ന അപാകതകൾ കാണുന്നു

(1)സർവ്വർ വാങ്ങുന്നത് സംബന്ധിച്ച് ടെക്നിക്കൽ അസിസ്റ്റന്റിന്റെ അപേക്ഷ ഹാജരാക്കിയിട്ടില്ല.

2.ടെണ്ടർ മുഖേന ലഭ്യമാക്കിയ സർവ്വർ ടെക്നിക്കൽ അസിസ്റ്റന്റ്പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല

(3)ലഭ്യമാക്കിയ സർവ്വർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

(4)അടിയന്തിരമായി വാങ്ങിയ സർവ്വർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാതെ നഗരസഭയുടെ ഇക്കാലയളവില്ലുള്ള ഡാറ്റയുടെ സ്റ്റോറേജ് സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് സമയത്ത് സർവ്വർ സ്ഥാപിച്ചതായി ടെക്നിക്കൽ അസി.അറിയിച്ചു

(5)സർവ്വർ നിലവിൽ സ്ഥാപിച്ചതായി ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റിനെ അറിയിച്ചു
(6)മാസങ്ങളോളം സർവ്വർ സ്ഥാപിക്കാത്തത് സംബന്ധിച്ച് ഭരണസമിതി വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. ഭാവിയിൽ ഇത്തരം അനാസ്ഥകൾ ഉണ്ടാവാതിരിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്

## 3-16 റിലയൻസ് കമ്പനിക്ക് O.F.C കേബിൾ സ്ഥാപിക്കൽ അനുമതി നൽകൽ -നഗരസഭയ്ക്ക് നഷ്ടമുണ്ടായി

2015ൽ റിലയൻസ് കമ്പനി നിലമ്പൂർ നഗരസഭ പരിധിയിൽ 11 കിലോമീറ്റർ O.F.C കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 13.10.2015 ന്ന് അനുമതിയ്ക്ക് അപേക്ഷിച്ചതിൻ പ്രകാരം ആയതിന്ന് മുനിസിപ്പൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 3.3.2016 ലെ 9-ാം നമ്പർ കൗൺസിൽ അംഗീകരിക്കുകയും റിസ്റ്റോറേഷൻ ഫീസായി 5952000/-രൂപയും തറവാടകയിനത്തിൽ മീറ്ററിന്ന് 750/-രൂപ നിരക്കിൽ 11 കി.മീ ന് മൂന്ന് വർഷത്തേക്ക് 17820000/-രൂപയടക്കം 23772000/-രൂപ മുൻകൂർ അടവാക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കാവുന്നതാണെന്ന് ഇ2/17472/15/26.4.16 പ്രകാരം സെക്രട്ടറി കത്ത് നൽകി.(പിന്നീട് 11 കി.മി എന്നത് 13 കി.മി ആണെന്ന് കാണിച്ച് മുനിസിപ്പൽ എഞ്ചിനീയർ എസ്റ്റിമേറ്റ് പുതുക്കി കണക്കാക്കുകയും 26.4.2016 ന്ന് റിലയൻസിന് നൽകിയ കത്ത് പ്രകാരം റിസ്റ്റോറേഷൻ ഫീസായി 6847500/-രൂപയും തറവാടകയിനത്തിൽ മീറ്ററിന് 750/-രൂപ നിരക്കിൽ 13 കി.മീ.ന് 3 വർഷത്തേക്ക് തറവാടകയിനത്തിൽ 29250000/- രൂപ യും അടക്കം 36097500/-രൂപ മുൻകൂർ അടവാക്കുന്നതിന്ന് റിലയൻസ് കമ്പനിക്ക് പുതുക്കിയ കത്ത് നൽകിയതിന്ന് കൗൺസിൽ തീരുമാനം എടുത്തതായി കാണുന്നില്ല) ആയതിൽ തറ വാടകയിനത്തിലുള്ള തുക പുന:പരിശോധിച്ച് നിരക്കിൽ കുറവ് വരുത്തണമെന്ന് റിലയൻസ് കമ്പനി 28.4.2016 ന്ന് നഗരസഭയ്ക്കക് കത്ത് നൽകിയിട്ടുണ്ട്. ആയതിൻെറ അടിസ്ഥാമത്തിൽ കൗൺസിൽ അനുമതി പ്രതീക്ഷിച്ച് ബഹു.ചെയർപേഴ്സൺ റിസ്റ്റോറേഷൻ ഫീസായി 6847500/-രൂപ അടവാക്കി എഗ്രിമെൻെറ് വെയ്ക്കുന്നതിന്ന് 8.3.2017 ന്ന് അനുമതി നൽകി 31.3.2017 ൽ റിലയൻസ് കമ്പനി നഗരസഭയ്ക്ക് റിസ്റ്റോറേഷൻ ഫീസായി 6847500/-രൂപ മാത്രം നൽകി സെക്രട്ടറിയുമായി എഗ്രിമെൻെറ് വെയ്ക്കുകയും ചെയ്തതായി രേഖകൾ സൂചിപ്പിക്കുന്നു .പിന്നീട് പ്രവൃത്തി ചെയ്തതായിട്ടുള്ള രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിററ് നിരീക്ഷണം ചുവടെ ചേർക്കുന്നു

1. 3.3.2016 ന്ന് 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം റിസ്റ്റോറേഷൻ ഫീസായി 5952000/-രൂപ യും തറവാടകയിനത്തിൽ മീറ്ററിന് 750/-രൂപ നിരക്കിൽ 11 കി.മീ ന് 3 വർഷത്തേക്ക് 17820000/- രൂപ യും അടക്കം 23772000/-രൂപയും മുൻകൂർ അടവാക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കാനാണ് നഗരസഭ അംഗീകാരം നൽകിയിട്ടുള്ളത് .എന്നാൽ 26.4.2016 ലെ റിലയൻസിന് നൽകിയ കത്ത് പ്രകാരം റിസ്റ്റോറേഷൻ ഫീസായി 6847500/-രൂപ യും തറവാടകയിനത്തിൽ മീറ്ററിന്750/-രൂപ നിരക്കിൽ 13 കി.മീ ന് 3 വർഷത്തേക്ക് തറവാടകയിനത്തിൽ 29250000/- രൂപ യും അടക്കം 36097500/-രൂപ മുൻകൂർ അടവാക്കുന്നതിന്ന് നിർദ്ധേശം നൽകി കാണുന്നത് ആയതിന് കൗൺസിൽ തീരുമാനം എടുത്തത് സംബന്ഡിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

2.റിലയൻസ് കമ്പനി നഗരസഭ നൽകിയ കത്തിന്ന് തറ വാടകയിനത്തിലുള്ള തുക പുന:പരിശോധിക്കണമെന്ന് 28.4.2016 ന്ന് കത്ത് നൽകിയിട്ടുള്ളതാണ്.(തറവാടക നിരക്ക് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടു ).ആയത് പരിഗണിക്കാൻ നഗരസഭ പിന്നീട് കൗൺസിൽ യോഗം വിളിച്ചിട്ടുണ്ടെങ്കിലും തീരുമാനം എടുക്കാതെ മാറ്റി വെയ്ക്കുകയാണ് ചെയ്തിട്ടുള്ളത് . കൗൺസിൽ അംഗീകാരം സംബന്ധിച്ച് 23.5.2016ന്ന് യോഗം വിളിക്കാൻ സെക്രട്ടറി ഉത്തരവിട്ടെങ്കിലും യോഗം നടന്നതായി കാണുന്നില്ല .എന്നാൽ 31.3.2017 ന്ന് റിലയൻസ് കമ്പനി നഗരസഭയ്ക്ക് ചെയർപേഴ്സൺെറ മുൻകൂർ അനുമതിയോടെ റിസ്റ്റോറേഷൻ ഫീസായി 6847500/-രൂപ അടവാക്കിയതിൻെറ അടിസ്ഥാനത്തിൽ സെക്രട്ടറിയുമായി എഗ്രിമെൻെറ്

വെയ്ക്കുകയും കേബിൾ സ്ഥാപിക്കുന്നതിന്ന് അനുമതി നൽകിയതായും കാണുന്നു. ചെയർപേഴ്സൺന്റെ നടപടി പിന്നീട് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിററിന് ഹാജരാക്കേണ്ടതാണ്.

3 തറവാടക നിരക്ക് കുറവാക്കിക്കൊണ്ട് എഗ്രിമെന്റ് വെയ്ക്കാൻ റിലയൻസ് കമ്പനിക്ക് താത്പര്യമുണ്ടായിരിക്കേ ആയത് പരിഗണിക്കാതെ ഭരണസമിതി അംഗീകാരം കൂടാതെ റിസ്റ്റോറേഷൻ ഫീ മാത്രം ഈടാക്കി യാണ് എഗ്രിമെന്റ വച്ചിട്ടുള്ളത് എന്ന് കാണുന്നു. നഗരസഭയുടെ സ്ഥലം കമ്പനിയുടെ ആവശ്യങ്ങൾക്ക് വിട്ട് കൊടുക്കുമ്പോൾ നഗരസഭയ്ക്ക് പ്രതിവർഷ വാടക ആവശ്യപ്പെടാൻ മുനിസിപ്പൽ ആക്ടിൽ വ്യവസ്ഥയുണ്ടായിരിക്കെ , ഇത്തരത്തിലുള്ള നടപടിമൂലം നഗരസഭയ്ക്കു സാമ്പത്തിക നഷ്ടമുണ്ടായതായി ഓഡിററ് വിലയിരുത്തുന്നു. അതിലുപരിയായി മറ്റ് മുനിസിപ്പാലിറ്റികളിലേത് പോലെയുള്ള റസ്റ്റോറേഷൻ ഫീ നിരക്ക് പരിഗണിച്ച് ഫീസ് റിവൈസ് ചെയ്യുമായിരുന്നെങ്കിലും നഗരസഭയ്ക്ക് ഫീസിനത്തിൽ അധിക വരുമാനം ഉണ്ടാക്കാനുള്ള സാദ്ധ്യത പരിഗണിച്ചിട്ടില്ല.

4.മുനിസിപ്പൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റിസ്റ്റോറേഷൻ ഫീസായിട്ടാണ് 6847500/-രൂപ കണക്കാക്കിയിട്ടുള്ളത് .എന്നാൽ റിലയൻസ് കമ്പനി സമർപ്പിച്ച അപേക്ഷയിൽ കേബിൾ സ്ഥാപിക്കാൻ എടുക്കുന്ന ട്രഞ്ചുകൾ കമ്പനി സ്വമേധയാതന്നെ പൂർവ്വസ്ഥിതിയിൽ ആക്കിനൽകും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ കമ്പനി അടവാക്കേണ്ട തുക റിസ്റ്റോറേഷൻ ചാർജ്ജായി കണക്കാക്കിയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. റിസ്റ്റോറേഷൻ ചാർജ്ജ് പരിഗണിക്കുന്നതിന്ന് പകരം നഗരസഭയ്ക്ക് സർവ്വീസ് ചാർജ്ജ് എന്ന നിലയ്ക്ക് മറ്റ് മുനിസിപ്പാലിറ്റികളിലേത് പോലെയുള്ള നിരക്ക് പരിഗണിച്ച് ഫീസ് റിവൈസ് ചെയ്യുമായിരുന്നെങ്കിലും അധിക വരുമാനം ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കേ ആയത് പരിഗണിക്കാതെയാണ് തീരുമാനമെടുത്തിട്ടുള്ളത്.

5.നിലവിൽ പ്രവൃത്തികൾ നിർത്തി വെയ്ക്കാൻ കമ്പനിക്ക് നിർദ്ധേശം നൽകിയതായി കാണുന്നു.റിലയൻസ് കമ്പനിയുമായി റിസ്റ്റോറേഷൻ ഫീ ഈടാക്കി എഗ്രിമെന്റ് വച്ചത് പ്രകാരം പണിപൂർത്തീകരിക്കാക്കാൻ കമ്പനിയെ അനുവദിക്കാത്ത അവസ്ഥയിൽ (പണി നിർത്തി വെയ്ക്കാൻ നഗരസഭ കത്ത് നൽകിയിട്ടുണ്ട് )കമ്പനി നിയമ നടപടി ക്ക് മുതിർന്നാൽ അടവാക്കിയ തുകയ്ക്കും നഷ്ടപരിഹാരവും അടക്കമുള്ള നടപടിലേക്ക് നീളുന്ന സാഹചര്യം നിലനിൽക്കുന്നതായി ഓഡിററി വിലയിരുത്തുന്നു .

6.28.4.2016 ന്ന് റിലയൻസ് കമ്പനി തറ വാടക പുതുക്കി/കുറച്ച് നൽകുന്നതിന്ന് അപേക്ഷ നൽകിയതായി കാണുന്നുവെങ്കിലും ടി തീയ്യതിക്ക് മുമ്പേ തുക അടവാക്കാൻ ബഹു. ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകുന്നത് വരെയും ടി വിഷയം കൗൺസിൽ പരിഗണയ്ക്ക് വയ്ക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല.

7. ജില്ലയിലെ തന്നെ പെരിന്തൽമണ്ണ നഗരസഭ 0.7 കി.മി കേബിൾ സ്ഥാപിക്കുന്നതിന്ന് ഇതേ കമ്പനിക്ക് മീറ്ററിന്ന് 4270.64/-രൂപ നിരക്കിൽ തുക ഈടാക്കിയാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ഫയൽ രേഖകൾ വ്യക്തമാക്കുന്നു . എന്നാൽ നഗരസഭ മീറ്ററിന് 526.70/-രൂപ നിരക്കിലാണ് റിസ്റ്റോറേഷൻ ചാർജ്ജ് ആവശ്യപ്പെട്ട് ഈടാക്കിയിട്ടുള്ളത് . കുറഞ്ഞ നിരക്ക് ഡിമാൻറ് ചെയ്തത് സംബന്ധിച്ച് കാരണം വ്യക്തമാക്കിയിട്ടില്ല.
കൃത്യസമയത്ത് കൗൺസിൽ യുക്തമായ തീരുമാനം എടുക്കുമായിരുന്നെങ്കിൽ നഗരസഭയ്ക്കു വലിയ ഒരു തുക തനത് ഫണ്ടിനത്തിൽ വരുമാനം ഉണ്ടാക്കാമായിരുന്നു.

## 3-17 തനത് ഫണ്ട് പ്രോജക്ടുകൾ -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

നഗരസഭകൾ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ധേശങ്ങൾ പ്രകാരം സർക്കാർ ഉത്തരവ് നം 4/2016/ത.സ്വ.ഭ.വ /11.1.2016 പ്രകാരം (ഭാഗം-3 ,ഖണ്ഡിക -7)തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ട വികസനേതര ചെലവ് എസ്റ്റാബ്ലിഷ്മെൻറ് ചെലവ്,കണ്ടിജൻറ് ചെലവ് ,അനിവാര്യ പൊതു ചുമതല ചെലവ് ,ആവർത്തന ചെലവ്,ശുചീകരണം,വൈദ്യുതി ചാർജ്ജ്,വെള്ളക്കരം എന്നിവയ്ക്ക് നീക്കിവച്ച ശേഷമുള്ള മിച്ചഫണ്ട് മുൻവർഷം ചെലവഴിച്ചതിന്റെ 15 % വരെ അധികരിച്ച് തയ്യാറാക്കാവുന്നതാണ്. എന്നാൽ സാമ്പത്തിക സ്രോതസ്സുകളോ മാനദണ്ഡങ്ങളോ പാലിക്കാതെയാണ് നഗരസഭ തനത് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് കാണുന്നു

വിശദ വിവരം ചുവടെ

| | |
|---|---|
| മുന്നിരിപ്പ് | -3772486/- |
| തനത് ഫണ്ട് വരവ് | -33426552/- |
| ജനറൽ പർപ്പസ് ഗ്രാൻറ് | -14528568/- |
| ആകെ | -51727606/- |
| തനത് ഫണ്ട് പ്രോജക്റ്റ് | -31997473 |
| തനത് ഫണ്ട്ചെല വ് | -11011754/- |

ഭാവിയിൽ തനത് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ച് പ്രോജക് തയ്യാറാക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 ഡ്രൈനേജ് നിർമ്മാണം അധികനിരക്ക് അനുവദിച്ചു

2016-17 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് കോൺക്രീറ്റിന് DSR Code 4.3.2,പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതാണ്. ആയതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. മറ്റ് സ്ഥാപനങ്ങളിലും നിലമ്പൂർ എൽ.എസ്.ജി.ഡി സബ്ഡിവിഷന് കീഴിലുള്ള ഗ്രാമപഞ്ചായത്തിലും ഈ നിരക്ക് മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നാൽ നഗരസഭയിൽഉയർന്ന നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.വിവരംചുവടെചേർക്കുന്നു.

1.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | കളരിക്കുന്ന് സുന്നിപ്പള്ളിഭാഗം അഴുക്ക് ചാൽ നിർമ്മാണം | കൺവീനർ | കെ.മുഹമ്മദ് |
| ചെലവ് | 446948 | ബില്ല് | 27/16-17 /29.3.17 |
| എംബുക്ക് | 82/16-17 | എഗ്രിമെൻറ് | 874/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(5) | 198.61M$^2$ | 250.10/എം2 | 459.33/M$^2$ | 41555/-രൂപ |

2

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | മാനവേദൻ സ്കൂൾ ഡ്രൈനേജ് | കൺവീനർ | സി.ബഷീർ |

| | | | |
|---|---|---|---|
| /പേര് | | | |
| ചെലവ് | 264052 | ബില്ല് | 30/16-17/29.3.17 |
| എംബുക്ക് | 94/16-17 | എഗ്രിമെൻറ് | 9/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 4) | 105.84$M^2$ | 250.10/എം2 | 459.33/$M^2$ | 22145/-രൂപ |

3

| | | | |
|---|---|---|---|
| പ്രോജക്ട് നം /പേര് | മിനർവ്വപ്പടി നെടുമുണ്ടംകുന്ന് ഡ്രൈനേജ് | കൺവീനർ | ഉസ്മാൻ |
| ചെലവ് | 220000/- | ബില്ല് | 50/16-17 /29.3.17 |
| എംബുക്ക് | 106/16-17 | എഗ്രിമെൻറ് | 84/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 5) | 77.437$M^2$ | 250.10/എം2 | 459.33/$M^2$ | 16202/-രൂപ |

4

| | | | |
|---|---|---|---|
| പ്രോജക്ട് നം /പേര് | അരുവാക്കോട് കമ്പാരക്കോളനി പുറക് വശം ഡ്രൈനേജ് | കൺവീനർ | നാരായണൻ.ടി |

| | | | |
|---|---|---|---|
| ചെലവ് | 340000/- | ബില്ല് | 44/16-17 /29.3.17 |
| എംബുക്ക് | 105/16-17 | എഗ്രിമെൻെറ് | 92/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 6) | 102.15$M^2$ | 250.10/എം2 | 459.33/$M^2$ | 21373/-രൂപ |

5

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | രാമൻക്കുത്ത്റയിൽവേ ലൈൻ റോഡ് ഡ്രൈനേജ് | കൺവീനർ | പി.കെ.ഉമ്മർ |
| ചെലവ് | 400000/*- | ബില്ല് | 36/16-17 /29.3.17 |
| എംബുക്ക് | 81/16-17 | എഗ്രിമെൻെറ് | 90/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 4) | 152.59$M^2$ | 250.10/എം2 | 459.33/$M^2$ | 31926/-രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനും അധികച്ചെലവ് 133201/-രൂപ വരുത്തിയതിനും കാരണം വിശദമാക്കാൻ ഓഡിറ്റ് എൻക്വയറി (നം-49 )മുഖേന ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. അധിക ചെലവ് 133201/- രൂപ വ്യക്തമായ നഷ്ടത്തിലുൾപ്പെടുത്തുന്നു. ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 <u>കെട്ടിട റൂഫിങ്-പ്രൊഫൈൽ ഷീറ്റ് -അധിക നിരക്ക് അനുവദിച്ചു</u>

1ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ജി.ഐ / അലുമിനിയം പൗഡർ കോട്ടോട്ടു കൂടിയ 0.80 mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് മേയുന്നതിന് ഇനം 12.1 പ്രകാരമുള്ളതിന് 1114/m2 നിരക്കാണ് (36.19 % കോസ്റ്റ് ഇൻഡെക്സും 7.5 ശതമാനം C.P +O.H ഉൾപ്പടെ ) മൂല്യനിർണ്ണയതുകയിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഇത്രയും കനത്തിലുള്ള ഷീറ്റ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ പ്രൈസ്സിൽ OD 166211/16-17 ആയി യുള്ള നിരക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണ് ആയത് പരിഗണിക്കാതെ നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് .

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 384/17ചക്കാലക്കുത്ത് അംഗനവാടി ക്കെട്ടിടം അറ്റകുററപ്പണി | കൺവീനർ | രുഗ്മണി |
| ചെലവ് | 304381/- | ബില്ല് | 22/16-17 /29.3.17 |
| എംബുക്ക് | 71/16-17 | എഗ്രിമെൻെറ് | 114/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 4) | 96.36 $M^2$ | 559/എം2 | 1114/$M^2$ | 53480/-രൂപ |

2.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 384/17രാമൻക്കുത്ത് ഹെൽത്ത് സെൻെറർ ക്കെട്ടിടം അറ്റകുററപ്പണി | കൺവീനർ | ഷീല രമണി |
| ചെലവ് | 489931/- | ബില്ല് | 47/16-17 /29.3.17 |
| എംബുക്ക് | 115/16-17 | എഗ്രിമെൻെറ് | 8/4.1.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 10) | 134.282 $M^2$ | 559/എം2 | 1114/$M^2$ | 74527/-രൂപ |

3.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 385/17 അരുവാക്കോട് അംഗനവാടി അറ്റകുറ്റപ്പണി | കൺവീനർ | ഷൈലജ |
| ചെലവ് | 242691/- | ബില്ല് | 12/16-17 /29.3.17 |
| എംബുക്ക് | 43/16-17 | എഗ്രിമെൻറ് | 9/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 10) | 65.79 $M^2$ | 559/എം2 | 1114/$M^2$ | 36513/-രൂപ |

അധിക ചെലവ് 164520/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ മതിയായ കാരണം ഓഡിറ്റ് എൻക്വയറി (നം-49)മുഖേനെ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. 164520 രൂപ അസി. എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-20 ട്രസ്സ് വർക്ക് -അധികനിരക്ക് അനുവദിച്ചു

1ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ കെട്ടിടങ്ങൾക്ക് മേൽക്കൂര നിർമ്മിക്കുന്നതിനുള്ള ട്രസ്സ് വർക്ക് ചെയ്യുന്നതിന്ന് ഇനം 50.10.1 പ്രകാരമുള്ള നിരക്കായ 140.36 /kg നിരക്കാണ് (36.19 % കോസ്റ്റ് ഇൻഡെക്സും 7.5 ശതമാനം C.P +O.H ഉൾപ്പടെ ) മൂല്യനിർണ്ണയതുകയിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന്ന് അനുവദനീയമായ നിരക്ക് ഇനം 50.10.2പ്രകാരമുള്ള നിരക്കായ 103.82 /kg നിരക്കാ.ണ് (36.19 % കോസ്റ്റ് ഇൻഡെക്സും 7.5 ശതമാനം C.P +O.H ഉൾപ്പടെ ) ഉയർന്ന നിരക്ക് അനുവദിച്ചത് മൂലമുള്ള അധികച്ചെ ലവിൻെറ വിവരം ചുവടെ ചേർക്കുന്നു

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 384/17ചക്കാലക്കുത്ത് അംഗനവാടി ക്കെട്ടിടം അറ്റകുററപ്പണി | കൺവീനർ | രുഗ്മണി |
| ചെലവ് | 304381/- | ബില്ല് | 22/16-17 /29.3.17 |
| എംബുക്ക് | 71/16-17 | എഗ്രിമെൻറ് | 114/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 | അനുവദിച്ചത് DSR 5.9.6 | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | cost index | @36.19 cost index | |
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 3) | 509.45 kg | 103.82/kg | 140.36/kg | 18615/-രൂപ |

2.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 384/17രാമൻക്കുത്ത് ഹെൽത്ത് സെൻെറർ ക്കെട്ടിടം അറ്റകുറ്റപ്പണി | കൺവീനർ | ഷീല രമണി |
| ചെലവ് | 489931/- | ബില്ല് | 47/16-17 /29.3.17 |
| എംബുക്ക് | 115/16-17 | എഗ്രിമെൻെറ് | 8/4.1.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 9) | 835.778 kg | 103.82/kg | 140.36/kg | 30539/-രൂപ |

3.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം /പേര് | 385/17 അരുവാക്കോട് അംഗനവാടി അറ്റകുറ്റപ്പണി | കൺവീനർ | ഷൈലജ |
| ചെലവ് | 242691/- | ബില്ല് | 12/16-17 /29.3.17 |
| എംബുക്ക് | 43/16-17 | എഗ്രിമെൻെറ് | 9/3.3.2017 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 9) | 606.12 kg | 103.82/kg | 140.36/kg | 22148/-രൂപ |

അധിക ചെലവ് 71302/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ മതിയായ

കാരണം ഓഡിറ്റ് എൻക്വയറി (നം-49/30.11.17) മുഖേനെ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. 71302/ രൂപ അസി. എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-21 വാറ്റ് ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് നഷ്ടം

2016-17 വർഷത്തിൽ കരാറുകാർ മുഖേന നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തികളിൽ 4 % നിരക്കിലാണ് വാറ്റ് ഈടാക്കിയിട്ടുള്ളത്. എന്നാൽ ടി കരാറുകാർക്ക് 4% വാറ്റ് ഈടാക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള കൊമേഴ്സ്യൽ ടാക്സ് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കി കാണുന്നില്ല. ആയത് ഹാജരാക്കാത്തതിനാൽ 5% നിരക്കിൽ നികുതി ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ 1% സംസ്ഥാന സർക്കാരിനുള്ള നഷ്ടമായി കാണുന്നു.

| ക്രമ നമ്പർ | പദ്ധതി / കരാറുകാരൻ | മൂല്യ നിർണ്ണയ തുക | ഈടാക്കേണ്ട വാറ്റ് (5%) | ഈടാക്കിയ വാറ്റ് (4%) | കുറവ് (1%) |
|---|---|---|---|---|---|
| 1 | ചെമ്മണത്ത് ആരീഫ പാത്ത് വേ ,325/17 ശ്രീ.പി.കെ. മുഹമ്മദാലി | 1,54,894 | 7745 | 6196 | 1549 |
| 2 | മിനർവ്വപ്പടി നെട്ടുമുണ്ടക്കുന്ന് പാത്ത് വേ 335/17 , ശ്രീ.പി.കെ. മുഹമ്മദാലി | 2,69,532 | 13477 | 10781 | 2696 |
| 3 | കരിമ്പുഴ ശ്മശാനം റോഡ് , 324/17 ശ്രീ.അനിൽ റോസ് | 1,39,745 | 6988 | 5590 | 1398 |
| 4 | മലമ്മൽ ചെറുകുളമ്പിൽ പാത്ത് വേ 288/17, കെ.വി. വാസു | 1,75,000 | 8750 | 7000 | 1750 |
| 5 | എൻ.എസ്.എസ് ഗാന്ധി നഗർ റോഡ് കോൺക്രീറ്റിംഗ്, 295/17 ശ്രീ.അനിസുദ്ദീൻ.ടി | 2,09,150 | 10458 | 8366 | 2092 |
| 6 | ചരക്കുപറമ്പൻ ഉമ്മർ പാത്ത് വേ കോൺക്രീറ്റിംഗ്, 309/17,പ്രസാദ്.ഇ | 1,56,238 | 7812 | 6249 | 1563 |
| 7 | കൊങ്ങുംപാടം റോഡ് റീ-ടാറിംഗ് 331/17, ശ്രീ.അനിൽ റോസ് | 2,21,000 | 11050 | 8840 | 2210 |
| 8 | ഏനാന്തി പാത്തിപ്പാറ റോഡ് റീ- ടാറിംഗ് 327/17, ശ്രീ.അനിൽ റോസ് | 3,00,000 | 15000 | 12000 | 3000 |
| 9 | നഗരസഭാ ഓഫീസ് | 1,88,402 | 9420 | 7532 | 1888 |

| ക്രമ നമ്പർ | പദ്ധതി / കരാറുകാരൻ | മൂല്യ നിർണ്ണയ തുക | ഈടാക്കേണ്ട വാറ്റ് (5%) | ഈടാക്കിയ വാറ്റ് (4%) | കുറവ് (1%) |
|---|---|---|---|---|---|
| | പുനരുദ്ധാരണം, 358/17, ശ്രീ. പി.എം.ഖാലിദ് | | | | |
| 10 | വിവിധ റോഡുകളിൽ ക്വാറി വേസ്റ്റ് ഫില്ലിംഗ്, 346/17, ശ്രീ.അനിൽ റോസ് | 495000 | 24750 | 19800 | 4950 |
| 11 | സുരേന്ദ്രൻ ഫുട്പാത്ത് പുരോഗമനം 3-ാം ഘട്ടം, 293/17, ശ്രീ. സി.മുഹമ്മദ് | 127497 | 6375 | 5250 | 1125 |
| 12 | ചന്തക്കുന്ന് ഫാത്തിമഗിരി റോഡ്, റീ ടാറിംഗ് ,318/17, ശ്രീ. സക്കീർ.കെ.എസ് | 773104 | 38655 | 30924 | 7731 |
| 13 | മയ്യന്താണി അംഗൻവാടി അറ്റകുറ്റപ്പണി 363/17, ശ്രീ.കെ.വി.വാസു | 513249 | 25663 | 20530 | 5133 |
| 14 | മിനർവ്വ സുകുമാരൻപടി റോഡ് പുരോഗമനം, ശ്രീ. ഫെനിൽ കെ ജോസ് | 99554 | 4978 | 3982 | 996 |
| 15 | കാർഷിക വിപണനകേന്ദ്രം ഷെഡ് നിർമ്മാണം, 453/17, ശ്രീ. പി.കെ.മുഹമ്മദാലി | 467036 | 23352 | 10681 | 12671 |
| 16 | കുന്നമ്മൽ അമ്പലം റോഡ് പുരോഗമനം ,307/17, ശ്രീ.സാജു ജോസഫ് | 125214 | 6261 | 5009 | 1252 |
| 17 | താലൂക്ക് ആശുപത്രി ഐ.പി വാർഡ് പുനരുദ്ധാരണം, 450/17, ശ്രീ.പി.എം.ഖാലിദ് | 91832 | 4592 | 3673 | 919 |
| 18 | ചന്തക്കുന്ന് - മയ്യന്താണി - മുമ്മുള്ളി - പാത്തിപ്പാറ റോഡ് റീ ടാറിംഗ്, 328/17, ശ്രീ. സക്കീർ. കെ.എസ് | 300000 | 15000 | 12000 | 3000 |
| 19 | മിനർവ്വപ്പടി നെടുമുണ്ടക്കുന്ന് റോഡ് റീ ടാറിംഗ്, 335/17, ശ്രീ. പി.കെ.മുഹമ്മദാലി | 130468 | 6524 | 5219 | 1305 |
| 20 | പാറത്തൊടിക ഹൈഡ്ര പാത്ത് വേ, 326/17, ശ്രീ. പി.കെ.മുഹമ്മദാലി | 185704 | 9286 | 7428 | 1858 |
| 21 | നഗരസഭക്ക് പുതിയ ഓഫീസ് കെട്ടിട നിർമ്മാണം | 1054201 | 52710 | 42168 | 10542 |

| ക്രമ നമ്പർ | പദ്ധതി / കരാറുകാരൻ | മൂല്യ നിർണ്ണയ തുക | ഈടാക്കേണ്ട വാറ്റ് (5%) | ഈടാക്കിയ വാറ്റ് (4%) | കുറവ് (1%) |
|---|---|---|---|---|---|
| | , 402/17, ശ്രീ. അബ്ദുൾ ലത്തീഫ് | | | | |
| 22 | NSS കാർബൺ ഫാക്ടറി റോഡ് പുരോഗമനം, 296/17, ശ്രീ. സാജു ജോസഫ് | 400000 | 20000 | 16000 | 4000 |
| | ആകെ | | | | 73628 |

കുറവുവന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-22 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് നം/പേര് | 17-ഹോമിയോ മരുന്ന് വാങ്ങൽ | അടങ്കൽ | 200000/- |
|---|---|---|---|
| ചെലവ് | 200000/- | ബില്ല് | 1/16-17/23.2.17 |

രേഖകൾ പരിശോധിച്ചതിൽ ഇൻവോയിസ് നം -എൽ.എഫ്/443/30.3.17 പ്രകാരം 137395/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ എന്ന് കാണുന്നു.62605/-രൂപയുടെ മരുന്ന് ഉടൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-23 ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ്-അപാകതകൾ

| പ്രോജക്ട് നം/പേര് | 274/17 ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | അടങ്കൽ | 1845772 |
|---|---|---|---|
| ബിൽ നം | 2/16-17/22.2.17 -1000000<br>3/16-17/22.2.17 -845772<br>ആകെ -1845772 | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

താഴെപ്പറയുന്ന നിരീക്ഷണം നടത്തുന്നു

1.ഗുണഭോക്താക്കളുടെ അംഗീകരം സംബന്ധിച്ച് കൗൺസിൽ അംഗീകൃത ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2.മുൻ ഓഡിററ് റിപ്പോർട്ട് പ്രകാരം ഗുണഭോക്താക്കൾക്ക് അധികമായിനൽകിയ തുക 14500/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ തുക കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കിയ ചലാൻ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-24 ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| പ്രോജക്ട് നം/പേര് | 277/17മാനവേദൻ സ്കൂളിലെ ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം | അടങ്കൽ | 50000 |
|---|---|---|---|
| ബിൽ നം | 5/16-17/14.3.17-50000/-രൂപയുപയോഗിച്ച്<br>ചോക്ക്നിർമ്മാണത്തിനാവശ്യമായ | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

| | | | |
|---|---|---|---|
| | മോൾഡ്,ചോക്ക് പെട്ടി എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് | | |

പദ്ധതി മാർഗ്ഗരേഖ നം ജി.ഒ.(എം.എസ് )4/2016/ത.സ്വ.ഭ.വ /11.1.2016(ഭാഗം -4,ഖണ്ഡിക 12.5 )ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലനം നൽകുന്നതിന് പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല. ഭിന്നശേഷിക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പദ്ധതി വിഹിതം ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട് .ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സ്കൂളുകൾ കേന്ദ്രീകരിച്ച് വികലാംഗ ക്ഷേമകോർപ്പറേഷൻ പരിശീലന പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട് .എന്നാൽ പദ്ധതി മാർഗ്ഗരേഖയിൽ ഇതിന്ന് തുക വകയിരുത്താൻ വ്യവവസ്ഥയില്ല എന്നിരിക്കേ സർക്കാർ മുൻകൂർ അനുമതിയില്ലാതെ മാനവേദൻ ഹൈസ്കൂളിന് മാത്രമായി പ്രോജക്ട് വച്ച് നിർവ്വഹണം നടത്തിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. തുക നിരാകരിക്കുന്നു. ഉത്തരവാദിയിൽ നിന്നും തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-25 എസ്.സി.പെൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | | | |
|---|---|---|---|
| പ്രോജക്ട് നം/പേര് | 279/17 എസ്.സി.പെൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനം | അടങ്കൽ | 25000 |
| ബിൽ നം | 6/16-17/14.3.17-25000 | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

മാർഗ്ഗരേഖ നം ജി.ഒ.(എം.എസ് )4/2016/ത.സ്വ.ഭ.വ 11.1.2016 (ഖണ്ഡിക 12.5-vi )പ്രകാരം കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന്ന് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പലിശീലകരുടെ സഹായത്തോടെ കായിക പരിശീലനം നൽകാൻ വ്യവസ്ഥയുണ്ട് .പെൺകുട്ടികൾക്ക് തായ്ക്വാണ്ടോ,ജൂഡോ, കരാട്ടേ എന്നിവ പരിശീലിപ്പാക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുണ്ട്. സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരീശീലകരാണ് കായിക പരിശീലനം നടത്തിയിട്ടുള്ളത് എന്ന് കാണിക്കുന്ന രേഖകളോ സാക്ഷ്യപത്രങ്ങളോ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
അപാകത സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറി 31/27.10.17 മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല.

## 3-26 പഠനവീട് (എസ്.സി )-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | | | |
|---|---|---|---|
| പ്രോജക്ട് നം/പേര് | 414/17-പഠനവീട് (എസ്.സി | അടങ്കൽ | 553262 |
| ബിൽ നം | ആകെ ചെലവ് -283230/-രൂപ<br>13/16-17-80000 -8 ടി.വി<br>14/16-17-178230 -457 കസേര<br>15/16-17-25000 -450നോട്ട് ബുക്ക് | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

പദ്ധതി മാർഗ്ഗരേഖ നം ജി.ഒ.(എം.എസ് )4/2016/ത.സ്വ.ഭ.വ /11.1.2016 ( അനുബന്ധം -11 ഖണ്ഡിക 5 ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസവകുപ്പ്,എസ്.സി,ഡിപ്പാർട്ട്മെൻെറ്,എസ്.എസ്.എ എന്നീ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേക കോച്ചിങ് എന്ന നിലയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് സന്നദ്ധസേവനം മുഖേന ബിരുദ ബിരുദാനന്തര വിദ്ധ്യാർത്ഥികൾ,അദ്ധ്യാപകർ സാക്ഷരത പ്രേരക് മാർ എന്നിവരുടെ സേവനം ഉൾപ്പെടുത്തി സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ച് ആയതിൻെറ സംഘാടനച്ചെലവ് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിററ് നിരീക്ഷണം ചുവടെ ചേർക്കുന്നു

1.ടെണ്ടർ നടപടികളുടെ രേഖകൾ,പർച്ചേസ് കമ്മറ്റി തീരുമാനം സംബന്ധിച്ച രജിസ്റ്റർ എന്നിവ

ഹാജരാക്കിയിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്റർ ,വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3.എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് സൗജന്യ നോട്ട് പുസ്തകം അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്നതിനാൽ ആയത് നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

4.ടിവി,കസേര എന്നിവ കൈമാറിയത് ആർക്കാണെന്നും വ്യക്തമാക്കിയിട്ടില്ല.

5. ടിവി,കസേര എന്നിവയുടെ പ്രാദേശിക പരിശോധന നടത്താനുള്ള നടപടി നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചില്ല.

6.പ്രോജക്ട് നിർവ്വഹണത്തിന് സർക്കാരിൻെറ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയത് നിയമലംഘനമാണ്. ചെലവു ചെയ്ത 283230/- രൂപ നിരാകരിക്കുന്നു . ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
അപാകത ഓഡിറ്റ് എൻക്വയറി 4/23.10.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല.

## 3-27 പഠനവീട് (എസ്.ടി )മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | | | |
|---|---|---|---|
| പ്രോജക്ട്നം/പേര് | 415/17-പഠനവീട് (എസ്.ടി ) | അടങ്കൽ<br>അടങ്കൽ | 553262<br>552800 |
| ബിൽ നം/തീ | എസ്.ടി ചെലവ് -382450 | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

പദ്ധതി മാർഗ്ഗരേഖ നം ജി.ഒ.(എം.എസ് )4/2016/ത.സ്വ.ഭ.വ /11.1.2016 ( അനുബന്ധം -11 ഖണ്ഡിക 5 ) പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് ,എസ്.സി ,എസ്.ടി ഡിപ്പാർട്ട്മെൻെറ്,എസ്.എസ്.എ എന്നി വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേക കോച്ചിങ് എന്ന നിലയിൽ സ്കൂളുകൾ കേന്ദ്രികരിച്ച് സന്നദ്ധസേവനം മുഖേന ബിരുദ ബിരുദാനന്തര വിദ്ധ്യാർത്ഥികൾ,അദ്ധ്യാപകർ സാക്ഷരത പ്രേരക്മാർ എന്നിവരുടെ സേവനം ഉൾപ്പെടുത്തി സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ച് ആയതിൻെറ സംഘാടനച്ചെലവ് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.ഇത് സംബന്ധിച്ച ഓഡിററ് നിരീക്ഷണം ചുവടെ ചേർക്കുന്നു

1.ടെണ്ടർ നടപടികളുടെ രേഖകൾ,പർച്ചേസ് കമ്മറ്റി തീരുമാനം സംബന്ധിച്ച രജിസ്റ്റർ എന്നിവഹാജരാക്കിയിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്റർ ,വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3.എസ്.സി/എസ്.ടി വിദ്യാർത്ഥകൾക്ക് സൗജന്യ നോട്ട് പുസ്തകം അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്നതിനാൽ ആയത് നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കണം.

4.ടിവി,കസേര എന്നിവ കൈമാറിയത് ആർക്കാണെന്നും വ്യക്തമാക്കിയിട്ടില്ല

5. ടിവി,കസേര
എന്നിവയുടെപ്രാദേശികപരിശോധനനടത്താനുള്ളനടപടിനിർവ്വഹണോദ്ധ്യോഗസ്ഥൻസ്വീകരിച്ചില്ല.

6.പ്രോജക്ട് നിർവ്വഹണത്തിന് സർക്കാരിൻെറ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.
പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയത് നിയമ ലംഘനമാണ്. ചെലവ് ചെയ്ത

382450/-രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-28 ആർ.സി.സി അധികനിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം /പേര | 373/17 | കോൺട്രാക്ടർ | അയ്യൂബ് .സി (എസ്റ്റിമേറ്റ് നിരക്ക്) |
| ചെലവ് | 221064/- | ബില്ല് /വൗച്ചർ | 21600839/26.12.2016 |
| എംബുക്ക് | 21/14-15 | എഗ്രിമെൻറ് | 52/19.12.2014 |

നഗരസഭ 2014-15 വർഷത്തിൽ നടപ്പാക്കി മൊത്തം 221064 രൂപക്ക് മൂല്ല്യനിർണ്ണയനം നടത്തി 2016-17 വർഷത്തിൽ അവസാന ഗഡു അനുവദിച്ച മേൽ പ്രവർത്തിയുടെ ഒന്നാം ഇനം ഡ്രൈനേജിൻെറ മുകളിൽ കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കലാണ്,(R.C.C 1:2:4 USING 20MM ).ആയതിന്ന് 1.7.2014 ലെ ഷെഡ്യൂൾ റേറ്റ് പ്രകാരം 10 ഡി.എം 3 ന്ന് 132./-രൂപ നിരക്കിലാണ് മൂല്ല്യനിർണ്ണയനം നടത്തിയിട്ടുള്ളത്. നിരക്ക് കണക്കാക്കിയതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

എ. ടി നിരക്കിൽ ഫോം പ്രവർത്തിക്ക് നിരക്ക് ഉൾപെടുത്തിയിരിക്കുന്നത് കെട്ടിടങ്ങളുടെ മേൽക്കൂരക്ക് ബാധകമായ നിരക്കായ 6163/10m2 രൂപ കണക്കിലെടുത്താണ്. എന്നാൽ ഈ ഇനം പ്രവർത്തിക്ക് നിരക്ക് അനുവദിക്കുന്നത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 2870.24/10m2 നിരക്കിലാണ്.(approved rate for top belt. Drain etc

| | | | |
|---|---|---|---|
| 65.75dm3 | Mango wood scantling | 9522/10dm3 | 626.07 |
| 23.75dm3 | Mango wood joists | 9522/10dm3 | 226.15 |
| 0.5kg | Wire nails | (47+35)/2 | 20.50 |
| 2nos | carpenter | 500/e | 1000 |
| 1.5 nos | man | 377 | 565.50 |
| 89.5dm3 | conveyance | 644/m3 | 57.64 |
| | | total | 2495.86 |
| | + CP + OH | 15% | 374.38 |
| | | TOTAL | 2870.24/10m2 |

ഉയർന്ന നിരക്ക് അനുവദിച്ചത് വഴി നിരക്കിൽ വന്ന വ്യത്യാസത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അർഹമായത് |
|---|---|---|
| 10dm3 സിമന്റ് കോൺക്രീറ്റ് നിരക്ക് | 82.38 | 82.38 |
| 0.08m2 ഫോം പ്രവർത്തി | @6163.09/10m2 =49.30 | @2870.24/10m2=22.96 |
| ആകെ | 131.68/10dm3 = 132/10dm3 | 105.34/10dm3=105 /10dm3 |

13.279m3 പ്രവർത്തി ചെയ്തതിന് ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ 35853 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

ബി. അനുവദനീയമായ ഫോം പ്രവർത്തിയുടെ അളവ്കണക്കാക്കിയിരിക്കുന്നത്ചുവടെചേർത്തിരിക്കുന്നപ്രകാരമാണ്.

| | |
|---|---|
| സിമന്റ് കോൺക്രീറ്റ് അളവ് | 1x0.9x0.15 |
| ഫോം പ്രവർത്തിയുടെ അളവ് | Bottom1x0.60x0.90=0.54m2<br>sides 3.8x0.15 =0.57m2<br>total =1.11m2 |
| 10dm3 സിമന്റ് കോൺക്രീറ്റ് ആവശ്യമായ ഫോം പ്രവർത്തി | 1.11/0.135 x100 = 0.08m2 |

1m നീളം 90cm വീതിയുള്ള കോൺക്രീറ്റ് നിർണ്ണിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്, ആയത് പ്രി ഫാബ്രിക്കേറ്റഡ് ആയിനിർവഹിക്കുകയായിരുന്നവെങ്കിൽ അടി ഭാഗത്തെ 0.54m2 ഒഴിവാക്കാമായിരുന്നു.ഫലത്തിൽ ഫോം പ്രവർത്തിയിൽ 0.034m2 ന്റെയും നിരക്കിൽ 21രൂപയുടെ കുറവും ഉണ്ടാകുമെന്നതിനാൽ 27886 രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.ഓഡിറ്റ് എൻക്വയറി (49/30.10.17) മുഖേനെ ടി വിഷയം ശ്രദ്ധയിൽപെടുത്തിയതിന് കൂടുതൽ ബലത്തിനായാണ് അടി ഭാഗത്തും ഫോം പ്രവർത്തി നൽകി സ്ളാബ് നിർമ്മിച്ചതെന്ന്മറുപടി നൽകിയത് അംഗീകരിക്കുന്നില്ല. എ. ബി എന്നിവയിൽ ഏററവും കുറഞ്ഞ തുക 27886/- രൂപ അധികചെലവായി കണക്കാക്കുന്നു

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം/അക്കൗണ്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മുനിസിപ്പൽ ഏരിയയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 43/16-17 തി.29.03.2017 | 160435 | 0 | 160435 |
| കെ.ഡബ്ല്യൂ.എ | അരുവാക്കോട് എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 39/16-17 തി. 30.03.2017 | 560000 | 0 | 560000 |
| കെ.ഡബ്ല്യൂ.എ | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 44/16-17 തി.30.03.2017 | 138168 | 0 | 138168 |
| കെ.ഡബ്ല്യൂ.എ | നെട്ടുമുണ്ടക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 46/16-17 തി.30.03.2017 | 50000 | 0 | 50000 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ | 1/23.02.2017 , | 337395 | 0 | 337395 |

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം/അക്കൗണ്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | വൈദ്യുതീകരണം | (200000/-) 2/23.02.2017, (137395/-) | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ലഭ്യമല്ല. | 6000000 | 2248136 | 342140 | 257860 | 1905996 |
| കെ.യു.ആർ.ഡി.എഫ്.സി | ലഭ്യമല്ല. | 27000000 | 21970594 | 13444071 | 2277007 | 8526523 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44, 45 | 2001-02 | …..... | മരാമത്ത് - അധികച്ചെലവ് | നടപടി തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ……... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| | | 2012-13 | ……... | ഖരമാലിന്യ പരിപാലനം ,പ്രവർത്തനാവലോകന | നടപടി തുടരുന്നു |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | റിപ്പോർട്ട് | |
| 2012-13 | 3-1 , 3-2 | 2014-15 | ………. | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 167685420.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 127948728.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 71865.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1154730.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5009926.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 22859 | -- | ശ്രീ.ജയകുമാർ.എസ്<br>സെക്രട്ടറി(ഇൻ ചാർജ്) |
| 2-6 | 7400 | -- | ശ്രീ.ജയകുമാർ.എസ്<br>സെക്രട്ടറി(ഇൻ ചാർജ്) |
| 2-8 | 4456 | -- | ശ്രീ.ജയകുമാർ.എസ്<br>സെക്രട്ടറി(ഇൻ ചാർജ്) |
| 2-12 | 2150 | -- | ശ്രീ. പ്രമോദ്.കെ, സെക്രട്ടറി |
| 2-19 | 35000 | -- | ശ്രീ.ജയകുമാർ.എസ്<br>സെക്രട്ടറി(ഇൻ ചാർജ്) |
| 3-2 | -- | 15000 | ശ്രീ. മുഹമ്മദലി അഷ്റഫ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I |
| 3-9 | --- | 2141 | ഡോ. ടി. ഹമീദ്, സൂപ്രണ്ട് ജില്ലാ ആശുപത്രി , നിലമ്പൂർ |
| 3-18 | -- | 133201 | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-19 | -- | 164520 | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-20 | -- | 71302 | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനിയർ |
| 3-24 | -- | 50000 | ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| 3-25 | -- | 25000 | ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| 3-26 | -- | 283230 | ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| 3-27 | -- | 382450 | ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| 3-28 | -- | 27886 | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,00,000/- | ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| | 535053/- | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ |
| | 908603/- | ശ്രീ. ജയകുമാർ. എസ്, സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3-4 | 100000 /- | ഡോ.പി.കെ.പ്രതാപ്, വെറ്ററിനറി സർജൻ |
| 3-6 | 312500 | ഡോ.പി.കെ.പ്രതാപ്, വെറ്ററിനറി സർജൻ |
| 3-7 | 140000 | ഡോ.പി.കെ.പ്രതാപ്, വെറ്ററിനറി സർജൻ |
| 3-8 | 1227165 | ഡോ.പി.കെ.പ്രതാപ്, വെറ്ററിനറി സർജൻ |
| 3-10 | 224000 | ശ്രീ.രാജീവ്.പി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-22 | 62605 | ഡോ.മഞ്ജു , മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 5009926 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ഇനം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-21 | വാറ്റ് | 73628/- | ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രമോദ്.കെ, സെക്രട്ടറി | സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ | ശ്രേയസ്,പുതുശ്ശേരി, ചെറുതുരുത്തി.പി.ഒ, തൃശ്ശൂർ |

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | 679531 |
| ശ്രീ.ജയകുമാർ.എസ് സെക്രട്ടറി(ഇൻ ചാർജ്) | റവന്യൂ ഓഫീസർ ,കണ്ണൂർ കോർപ്പറേഷൻ | കൈലാസ് ഹൗസ്, ശ്രീചിത്രാ നഗർ, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം |
| ശ്രീ. മുഹമ്മദലി അഷ്റഫ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ഹെൽത്ത് ഇൻസ്പെക്ടർ, കൊടുവള്ളി നഗരസഭ | ഒലീവ് ഹൗസ്, ആലിക്കൽ വഴി, ഉഗ്രപുരം പി.ഒ, അരീക്കോട് |
| ഡോ. ടി. ഹമീദ്, സൂപ്രണ്ട് ജില്ലാ ആശുപത്രി , നിലമ്പൂർ | സൂപ്രണ്ട് ജില്ലാ ആശുപത്രി , നിലമ്പൂർ | ഫൻസിൽ മഹൽ, കോവിലകം റോഡ്, നിലമ്പൂർ, 679323 |
| ശ്രീ. സതീഷ് കുമാർ. പി , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, നിലമ്പൂർ നഗരസഭ | ശ്രീ പദ്മം, കരുവമ്പ്രം.പിഒ, മഞ്ചേരി-3 |
| ശ്രീ. കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ | ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ | പ്ലാശ്ശേരിഹൗസ്, പള്ളിക്കുത്ത്.പി.ഒ, ചുങ്കത്തറ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.01.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21-5/917/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009 തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 13 | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി:21.02.2012 | 33 | |
| 2010-11 2011-12 | എൽ.എഫ്.എം.21/19/2013 തി:08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി:14.01.2015 | 39 | |
| 2013-14 2014-15 | എൽ.എഫ്.എം.21/314/2016 തി:27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പി.എം 21/2742/2016 തി. 02.02.2017 | 47 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE

No. KSA/MPM/21/2385/2017

Kerala State Audit Department,
District Office, Malappuram.
Date .24.11.2017

Certified that I have Audited the Annual Financial Statement of Nilambur Municipality in Malappuram District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994 , section 295 of the Kerala Municipality Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Nilambur Municipality for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior DeputyDirector,
Kerala State Audit Department,
District Office, Malappuram.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്. എ.എം പി .എം/.21/2385/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .24.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295-ാംവകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമ്പൂർ നഗരസഭയുടെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.